# ശാംഭവി

ത്രൈമാസിക

പുസ്തകം 6 | ഏപ്രിൽ - ജൂൺ 2017 | ലക്കം 2



## പത്രാധിപക്കുറിപ്പ്

ഇന്ന് മനുഷ്യൻ നേരിടുന്ന ഏറ്റവും വലിയ ബുദ്ധിമുട്ടുകളിൽ പ്രധാനപ്പെട്ടത് കാലാവസ്ഥാവ്യതിയാനവും ഭീകരവാദവുമാണ്. ഇവ നാമ്പിട്ടത് ഇന്നും ഇന്നലെയുമല്ല. ഇവയെ നേരിടാനും തീർത്തും ഇല്ലാതാക്കാനും നാമവയുടെ കാരണങ്ങളെക്കുറിച്ച് ബോധവാന്മാരായി അവയെ ഇല്ലാതാക്കുമ്പോൾ മാത്രമേ സാധിക്കൂ. പ്രകൃതിയെ അവഗണിച്ചുകൊണ്ടുള്ള പുരോഗമന പരിഷ്കാര ചിന്തകളാണ് മുൻപറഞ്ഞ ബുദ്ധിമുട്ടുകളെ സൃഷ്ടിച്ചത്. കാവ്, കാവിൻകുളം, നാഗാരാധന എന്നീ പ്രകൃതിസംരക്ഷണ സംവിധാനങ്ങളെ അന്ധവിശ്വാസത്തിൽ പെടുത്തിയുള്ള പ്രചരണം ഇതിനു കാരണമായി. നദികൾ, പർവ്വതങ്ങൾ എന്നീ പ്രകൃതിദത്തങ്ങളായ വരങ്ങളെ നശിപ്പിച്ച മനുഷ്യന്റെ സ്വാർത്ഥത ഇതിനു കാരണങ്ങളായി ഭവിച്ചു. ഈ കാരണങ്ങളെ സൃഷ്ടിച്ച പാശ്ചാത്യപ്രത്യയശാസ്ത്ര ചിന്തകളെ ഉന്മൂലനം ചെയ്താലേ മുൻപറഞ്ഞ ബുദ്ധിമുട്ടുകളിൽനിന്ന് ചിരരക്ഷയുള്ളൂ. കല്ലിൽപോലും ഈശ്വരചൈതന്യത്തെ കാണാൻ പഠിപ്പിയ്ക്കുന്നതും തദനുസാരിയായ ജീവിതശൈലിയെ ശാസ്ത്രമാക്കി മാറ്റിയതുമായ നമ്മുടെ പൂർവ്വസൂരികളുടെ 'സസ്പിഞ്ചരായ നമഃ', 'വനസ്പതയെ നമഃ' എന്നു തുടങ്ങുന്ന മന്ത്രങ്ങൾ നമ്മിൽ ഉണർത്തുന്ന പ്രത്യയശാസ്ത്രം പോരെ നമുക്ക്. ശരിയായ ചിന്തയാണ് ശരിയായ പ്രവൃത്തിയെ ഉണ്ടാക്കുക. ഭൂമി ഉപഭോഗവസ്തുവല്ല മറിച്ചത് ജീവനുള്ളതും നമ്മുടെ അമ്മയും ആദരണീയയുമാണെന്ന ചിന്ത ശിശുപ്രായത്തിലെ ഭാരതീയർ വളർത്തിക്കൊണ്ടു വന്നിരുന്നു.

**'സമുദ്രവസനേ ദേവി പർവതസ്തനമണ്ഡനേ,**
**വിഷ്ണുപത്നി നമസ്തുഭ്യം പാദസ്പർശം ക്ഷമസ്വമേ'.**

അനേകം ഔഷധഗുണമുള്ള തുളസിയെ വിഷ്ണുപ്രിയയും സ്ഥിരം വിഷ്ണുവിന്റെ കാൽച്ചുവട്ടിൽ വർത്തിയ്ക്കുന്നവളുമാണെന്ന ചിന്ത പ്രകൃതിയോടുള്ള ആദരവിനെ പഠിപ്പിക്കുന്നു. അതുകൊണ്ട് ലോകരക്ഷ ഭാരതീയ സംസ്കൃതിയിലൂടെ എന്ന് ഇനിയെങ്കിലും പ്രത്യേകിച്ച് കേരള ജനത മറന്നുകൂടാ.

പുസ്തകം 6 ലക്കം 22
ഏപ്രിൽ - ജൂൺ 2017

ഒരു വർഷത്തേയ്ക്ക് : 60 രൂപ

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപസമിതി
എൽ. ഗിരീഷ്കുമാർ
കെ.പി. ശ്രീധരൻ നമ്പൂതിരി
ഡോ. അജിതൻ പി.ഐ.
വിഷ്ണു ആനന്ദ് എൻ.
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
ശ്രീകാന്ത് സി.

പുറംചട്ട രൂപകല്പന
ഉണ്ണികൊണ്ടമറുക്.

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ.

മുദ്രണം
മമ ഓഫ്സെറ്റ് പ്രിന്റ്,
നട, ഇരിങ്ങാലക്കുട

# വിഷയവിവരം

1. അംബികാത്രിശതീ

2

2. സംസ്കൃതപഠനം - 30

10

3. ഔഷധസസ്യങ്ങൾ - 17
അരയാൽ

19

4. കുട്ടികളുടെ വാല്മീകി രാമായണം - 11

20

5. ലളിതാസഹസ്രനാമം
വ്യാഖ്യാനം - 21

21

7. കേരളീയ ദിവ്യദേശങ്ങളിലെ
താന്ത്രികാനുഷ്ഠാനങ്ങൾ

26

8. ഭഗവദ്ഗീത - ഒരു പുനർവായന - 10

31

# അംബികാത്രിശതീ

സമ്പാദക : അപർണ്ണാദേവി എ.

*ഹിമഗിരിതപഃഫലം തന്മുനിജനഹൃദയാബ്ജനിത്യകൃതനൃത്തം*
*കരുണാലോലാപാങ്ഗം തത് തേജോ ഭാതു നിഃസമം വദനേ.* 201

ഹിമവാന്റെ തപസ്സിന്റെ ഫലമായാണ് പുത്രിയായി പരാശക്തി പാർവ്വതീരൂപത്തിൽ ആവിർഭവിച്ചത്. എപ്പോഴും മുനിമാരുടെ ഹൃദയത്തിൽ കളിയാടുന്ന പരാശക്തിയുടെ കൺകളിൽ കരുണ നിറഞ്ഞിരിക്കുന്നു. അതുല്യശോഭയോടെ ആ തേജസ്സ് പ്രകാശിക്കട്ടെ.

*ജനനി തരങ്ഗയ നയനേ മയി ദീനേ തേ ഭയാസ്സിഗ്ധേ*
*തേന വയം തു കൃതാർഥാ നാതഃപരമസ്തി നഃ പ്രാർഥ്യം.* 202

അമ്മേ ദുഃഖാർത്തനായ എന്റെ കൺകളിൽ അവിടുന്ന് ആനന്ദതരംഗത്തെ ഉണ്ടാക്കിയാലും. അതുകൊണ്ടുതന്നെ ഞങ്ങൾ ധന്യരാകും. ദയാനിധേ! വേറെ ആരോടും പ്രാർത്ഥിയ്ക്കാനില്ല.

*മുനിഹൃദയപദ്മഹംസീ ശിവകേളീസദനരത്നദീപകലാ*
*ഹിമവത്പുത്രീ കൃപയാ മാമവതി മഹൗഷധീ കലിവ്യാധേഃ.* 203

മുനിജനങ്ങളുടെ ഹൃദയപദ്മത്തിലെ അരയന്നവും ശിവന്റെ ലീലയാകുന്ന ഈ ഭുവനത്തിലെ ദീപവും ആയ ഹിമവാന്റെ പുത്രി കലിദോഷത്തിനുള്ള മഹത്തായ മരുന്നാണ്. ഇദ്ദേഹമാണ് എന്നെ രക്ഷിയ്ക്കുന്നത്.

*പ്രതിഫലതു ഭാവനായാമസ്മാകം സാ സ്ഫുരത്കൃപാധാരാ*
*പുരഹരദൃക്സാഫല്യം കൈലാസേ കിമപി നിശ്ചിതം തേജഃ.* 204

കൃപാപ്രവാഹം സ്ഫുരിയ്ക്കുന്നതും പുരഹരനായ ശിവന്റെ സാഫല്യവുമായ കൈലാസത്തിൽ വാണരുളുന്ന അവാച്യമായ ആ തേജസ്സ് നമ്മുടെ മനോമുകുരത്തിൽ തെളിയട്ടെ.

*സജ്ജനമാനസധാമ്നേ നമ ഉക്തിർമേ ശ്രുതീഡ്യനിജഭൂമ്നേ*
*ശിവവാമഭാഗധാമ്നേ മഹാവിഭൂത്യൈ ഹി ശങ്കരീനാമ്നേ.* 205

സജ്ജനമനസ്സിൽ കുടികൊള്ളുന്ന ശക്തിയും വേദങ്ങളാൽ സ്തുതിയ്ക്കപ്പെടുന്ന സ്വമഹിമയോടുകൂടിയതും ശിവന്റെ ഇടതുഭാഗത്ത് കുടികൊള്ളുന്ന പ്രകാശവും മഹൈശ്വര്യവുമായ ദേവിയ്ക്ക് നമസ്കാരം.

*ദേശികമാനസവിഹരണകലാജുഷേ ഭക്തിരസ്തു മേ തസ്യൈ*
*യച്ചന്ദ്രമൗലിലോചനചാപല്യം രക്ഷിതസ്വഭക്തൗഘം.* 206

ഗുരുവിന്റെ ഹൃദയത്തിൽ വിഹരിച്ചതുകൊണ്ട് സന്തുഷ്ടയായവളുമായ ആ ദേവിയിലാണ് എന്റെ ഭക്തി. ശിവനേത്രങ്ങൾക്ക് ചാപല്യമായിട്ടുള്ള വളും ഭക്തസമൂഹത്തെ രക്ഷിയ്ക്കുന്നവളുമായ ആ ദേവീ തേജസ്സ് ഞങ്ങളുടെ മുമ്പിൽ വർത്തിയ്ക്കട്ടെ.

*നിജലോചനകേളികലാവശീകൃതപ്രസവബാണരിപുഹൃദയം*
*ദയയാ ലോളിതഹൃദയം തദസ്തു തേജഃ പുരോ/സ്മാകം.* 207

ശിവഹൃദയത്തെ സ്വകൺകളുടെ ലീലാവിലാസത്താൽ വശീകരിച്ച വളും ദയയുള്ളവളുമായ ആ ദേവി ഞങ്ങളുടെ മുമ്പിൽ വർത്തിയ്ക്കട്ടെ.

*സതതം ബദ്ധാഞ്ജലിപുടമുപാസ്മഹേ തച്ഛുഭപ്രദം തേജഃ*
*യന്മരകതകാന്തിലസത് പ്രസൂനശരവൈരിപുണ്യപരിപാകം.* 208

മരതകകാന്തിയാൽ പരിലസിക്കുന്നതും ശിവന്റെ പുണ്യവും മംഗളം പ്രദാനം ചെയ്യുന്നതുമായ ആ തേജസ്സിനെ കൂപ്പുകൈകളോടെ എപ്പോഴും ഉപാസിക്കുന്നു.

*തീരം സംസൃതിജലധേഃ പൂരം ശങ്കരവിലോചനപ്രീതേഃ*
*സാരം നിഗമാന്താനാം ദൂരം ദുർജനതതേർഹി തത് തേജഃ.* 209

സംസാരകടലിന്റെ തീരവും ശിവനേത്രപ്രീതിയുടെ സംതൃപ്തി രൂപ വും വേദങ്ങളുടെ സാരവും ദുർജനങ്ങളിൽനിന്ന് വളരെ ദൂരം വർത്തിക്കു ന്നതുമായ ആ തേജസ്സിനെ കൂപ്പുകൈകളോടെ എപ്പോഴും ഉപാസിക്കു ന്നു.

*നഗരാജകന്യകാ സാ ലസതു പുരോ/സ്മാകമാദരകൃതശ്രീഃ*
*യത്പ്രണമനാജ്ജനാനാം കവിതോന്മേഷഃ സദീഡിതോ ലസതി.* 210

പർവ്വതരാജപുത്രിയും ആദരലബ്ധിയാൽ ഐശ്വര്യത്തോടുകൂടിയതും പ്രണമിക്കുന്നവർക്ക് കവിത്വമേകുന്നതും സജ്ജനങ്ങളാൽ സ്തുതിയ്ക്കപ്പെടു ന്നതുമായ തേജസ്സ് പരിലസിയ്ക്കട്ടെ.

*സന്നയനസാരസാലീപൂഷാ ഭൂഷാ ച ഹരശരീരസ്യ*
*ഹിമഗിരിതനയാ യോഷാ ഭാഷാസ്തോത്രപ്രിയാ ച സാ ഭാതി.* 211

സൂര്യചന്ദ്രന്മാർ കൺകളായവളും ശിവശരീരത്തിലെ അലങ്കാരമായ വളും ഹിമവൽപുത്രിയും സ്തുതിപ്രിയയുമായ ആ നാരീ ശോഭിയ്ക്കുന്നു.

*സഫലയതു നേത്രയുഗളം ഹതനതദുരിതാ ഹി സാ പരാ ദേവീ*
*ധരണിധരനായകപ്രിയസുതാ ച സോമാർധഭൂഷിതാത്മകചാ.* 212

നമിക്കുന്നവരുടെ ദുരിതങ്ങളെ ഇല്ലാതാക്കുന്നവളും പർവ്വതരാജപുത്രിയും ശിവന്റെ പാതി മെയ്യുമായ ആ പരാദേവി കാണുമാറാകട്ടെ.

*സുമനോവാഞ്ഛാദാനേ കൃതാവധാനം ധനം ശംഭോഃ*
*ധിഷണാജാഡ്യാദിഹരം യദ്വീക്ഷണമാമനന്തി ജഗതി ബുധാഃ.* 213

അഭിലഷിച്ചതെല്ലാം നല്കുന്നതിൽ ശ്രദ്ധയുള്ളവളും ബുദ്ധിമാന്ദ്യമെല്ലാം ഇല്ലാതാക്കുന്നവളുമാണ് ഈ ദേവിയെന്ന് ലോകത്ത് ഭക്തർ മനസ്സിലാക്കുന്നു.

*കോ വാ ന ശ്രയതി ബുധഃ ശ്രേയോഽർഥീ താമിമാമംബാം*
*യാമർധചന്ദ്രശേഖരസധർമിണീമർചയന്തി സുരനാഥാഃ.* 214

ദേവന്മാരുടെ നാഥന്മാരായ ബ്രഹ്മാദികൾ യാതൊരു ശിവപത്നിയെയാണോ അർച്ചിക്കുന്നത് ആ അമ്മയെ ശ്രേയസ്സ് ആഗ്രഹിക്കുന്ന യാതൊരു പണ്ഡിതനാണ് ആശ്രയിയ്ക്കാത്തത്. എല്ലാവരും ആശ്രയിക്കുക തന്നെ ചെയ്യുന്നു.

*ശമിതനതദുരിതസങ്ഘാ ഹരായ നിജനേത്രകല്പിതാനങ്ഗാ*
*കൃതസുരശാത്രവഭങ്ഗാ സാ ദേവീ മങ്ഗളൈസ്തുങ്ഗാ.* 215

ദേവശത്രുക്കളെ നശിപ്പിച്ചവളും നമിച്ചവരുടെ ദുരിതസമൂഹത്തെ ഇല്ലാതാക്കിയവളും ശിവനെ സ്വനേത്രങ്ങളാൽ അനംഗനായി പുനർജനിച്ച കാമദേവനോടുകൂടിയവളും ഐശ്വര്യങ്ങളോടെ അത്യുച്ചസ്ഥിതയുമായ ആ ദേവി പ്രസന്നയാകട്ടെ.

*കവിതാരസപരിമളിതം കരോതി വദനം നതാനാം യാ*
*സ്തോതും താമഹമാരാത് സാ ദേവീ സുപ്രസന്നാസ്തു.* 216

യാതൊരു ദേവി നമിയ്ക്കുന്നവരെ കവികളാക്കുന്നുവോ ആ ദേവിയെ ഞാൻ സ്തുതിയ്ക്കുന്നു. ദേവി പ്രസന്നയാകട്ടെ.

*പുരഹരവാമോത്സങ്ഗേ ഭജാമി ലസിതം തു തത് തേജഃ*
*സൃഷ്ടിസ്ഥിതിലയകാര്യം യജ്ജനയതി കാലഭേദേന.* 217

കാലഭേദത്താൽ സൃഷ്ടിസ്ഥിതിലയങ്ങൾ ഉണ്ടാക്കുന്നതും ശിവന്റെ ഇടതു തുടയിൽ ശോഭിക്കുന്നതുമായ ആ തേജസ്സിനെ ഞാൻ ഭജിക്കുന്നു.

*കല്യാണദാനകലനാത് ഖ്യാതാ സാ ശാങ്കരീ ലോകേ*

*തദ്വൈഭവകീർതനതോ വയമത്രാസാഃ പരാനന്ദാഃ.* 218

മംഗളം പ്രദാനം ചെയ്യുന്നതിൽ പ്രസിദ്ധയും അവിടുത്തെ വൈഭവത്താൽ ഭയഹീനരായും അങ്ങേയറ്റത്തെ ആനന്ദം അനുഭവിക്കുന്നവരുമാകുന്ന ഞങ്ങൾ. ആ ശാങ്കരീ സർവ്വോത്കർഷേണ വർത്തിക്കട്ടെ.

*മന്ദഹസിതൈർവശീകൃതശാങ്കരഹൃദയാ ഹി ഭക്താനാം*
*രക്ഷണകാര്യായ പരം സാംബാ കുംഭോദ്ഭവാദിഭിർവന്ദ്യാ.* 219

പുഞ്ചിരിയാൽ ശിവഹൃദയം വശീകരിച്ചവളും ഭക്തരുടെ രക്ഷയ്ക്കായി വർത്തിക്കുന്നവളും അഗസ്ത്യർ തുടങ്ങിയവരാൽ വന്ദ്യയുമായ പരാശക്തിയായ അമ്മ ഐശ്വര്യത്തിനായി ശോഭിക്കുന്നു.

*നിജമൗലിചന്ദ്രകിരണപ്രസാരണാദ്ഗാങ്ഗവീചികാപവനൈഃ*
*തത്ക്ഷണനിരസിതസുരതശ്രമാ ഭവനീഹ രാജതേ ഭൂത്യൈ.* 220

സ്വശിരസ്സിലെ ചന്ദ്രരശ്മികളെ ചുറ്റിനും പ്രസരിപ്പിക്കുന്നതുകൊണ്ടും ശിവമൗലിയിലുള്ള ഗംഗാപ്രവാഹം തട്ടിയുള്ള കാറ്റുള്ളതുകൊണ്ടും മറ്റൊരു ബൃഹത്തായ ആനന്ദവും ആവശ്യമില്ലാത്തവളായ ഭവാനീദേവി ഐശ്വര്യത്തിനായി ശോഭിക്കുന്നു.

*മമ ഗാഹതേ ഹി ഹൃദയം നയനയുഗം ത്രിപുരദമയിതുർഭാഗ്യം*
*യദകൃത്രിമവാഗ്ഗുംഭൈഃ സ്തുത്യം ധ്യേയം സദാഭ്യർച്യം.* 221

ശിവന്റെ ഭാഗ്യമായിട്ടുള്ള ദേവി അകൃത്രിമമായ വാക്കുകളാൽ സ്തുതിയ്ക്കപ്പെടേണ്ടവളും എപ്പോഴും ധ്യാനിയ്ക്കപ്പെടേണ്ടവളും അർച്ചിയ്ക്കപ്പെടേണ്ടവളുമാണ്. ആ ദേവിയിൽ എന്റെ ഹൃദയവും ഇരുകണ്ണുകളും മുങ്ങിപ്പോകുന്നു.

*കരധൃതശൂലാദ്യായുധജാലനിരസ്താഖിലാരിബൃന്ദേയം*
*കുന്ദാഭദന്തവദനാനന്ദായാസ്തു പ്രകാമമിഹ നമതാം.* 222

കൈയ്യിലേന്തിയ ശൂലം തുടങ്ങിയ ആയുധക്കൂട്ടങ്ങളാൽ മുഴുവൻ ശത്രുഗണങ്ങളെയും തോല്പിച്ച ദേവി മുല്ലപ്പൂവിൻ ശോഭയാർന്ന ഗണപതിയുടെ സന്തോഷത്തിനായി ഭവിക്കട്ടെ. വളരെ നന്നായി വണങ്ങിയാലും.

*കുചഭാരനമ്രഗാത്രം നിജജനിപരിപൂതജനകവരഗോത്രം*
*സുരവൈരികലിതകോപം ഗൗരീരൂപം തദസ്തു ഹതതാപം.* 223

മാറിടഭാരത്താൽ താണശരീരത്തോടുകൂടിയതും സ്വജന്മത്താൽ പിതൃഗോത്രത്തെ പവിത്രമാക്കിയതും ദേവശത്രുക്കളോടെഴുന്ന കോപത്തോ

ട്ടുകൂടിയതുമായ പാർവ്വതീരൂപം എല്ലാവിധ ദുഃഖങ്ങളെയും ഇല്ലാതാക്കട്ടെ.

*നിടിലാത്തവഹ്നിനേത്രം ലോലാളകമേതദാദ്യതം തേജഃ*
*നിജകേള്യധീനശങ്കരമസ്മാകം ചാക്ഷയം സ്ഥാനം.* 224

നെറ്റിയിൽ അഗ്നിയാകുന്ന നേത്രമുള്ളതും ലോലമായ കുറുനിരയുള്ളതും സ്വലീലാവിലാസങ്ങൾക്ക് അധീനമായ ശങ്കരനോട്ടുകൂടിയതുമായ അക്ഷയസ്ഥാനമായ ആ തേജസ്സ് സകലദുഃഖങ്ങളെയും ഹരിക്കട്ടെ.

*തവ മന്ദസ്മിതലഹരീവിശേഷിതരുചിർഗിരീശശശിശകലഃ*
*തവരൂപം ഗിരിശസ്യ സ്വരൂപമപി ഭാതി യോഗിനാം ഹൃദയേ.* 225

നിന്റെ സവിശേഷശോഭയാർന്ന ചെറുപുഞ്ചിരിയും ശിവന്റെ ചന്ദ്രക്കലയും നിന്റെ ശിവന്റെതന്നെ സ്വരൂപമായും യോഗിമാരുടെ ഹൃദയത്തിൽ വിളങ്ങുന്നു.

*നീലാരവിന്ദലോചനയുഗളാമംബാമഹം നൗമി*
*കാലാരിചിത്തഹരണേ യല്ലീലാഃ പാടവം നീതാഃ.* 226

ശിവമാനസത്തെ വശീകരിച്ച ലീലകളോട്ടുകൂടിയവളും നീലത്താമരപോലുയുള്ള കണ്ണിണകളോട്ടുകൂടിയവളുമായ അമ്മയെ ഞാൻ നമിക്കുന്നു.

*ശശധരഭൂഷിതമകുടീ കവികുലവാഗബ്ജശരദിയം ദേവീ*
*ആർത്തത്രാണ പരായണവിലോചനാ ഹിമവതഃ പുത്രീ.* 227

ചന്ദ്രക്കല ധരിച്ചവളും കവിത്വമാകുന്ന പദ്മത്തിന് ശരത്ത് കാലമായവളും ആപത്തിൽപെട്ടവരെ രക്ഷിക്കുന്നതിൽ വ്യതമെടുത്ത കണ്ണുകളോട്ടുകൂടിയവളുമായ ഹിമവൽപുത്രി ശോഭിക്കുന്നു.

*ശ്രുതിപഞ്ജരകേളിശുകീ ശങ്കരപരിരംഭണോത്സുകാ മാതാ*
*ബഹിരപ്യന്തര്യമിനാം ചകാസ്തി ലോകാംബികാ കൃതത്രാണാ.* 228

വേദങ്ങളുടെ ഉദ്ഭവസ്ഥാനവും സദാശിവപരിരംഭണത്തിൽ തല്പരയും എല്ലാവരുടെ ഉള്ളിലും പുറത്തും വർത്തിക്കുന്നവളും ലോകത്തിന് അംബികയായിട്ടുള്ളവളും സദാ രക്ഷിക്കുന്നവളുമായ അമ്മ ശോഭിക്കുന്നു.

*ചിന്തിതവസ്തുവിധാത്രീ സന്തതമപി ലോകരക്ഷണൈകരതാ*
*സന്ദാനിതനാകിലസത്സന്താനസുമപ്രഗല്ഭധമില്ലാ.* 229

ചിന്തിച്ച വസ്തുവിനെ സൃഷ്ടിച്ചു നല്കുന്നവളും എപ്പോഴും ലോകസംരക്ഷണത്തിൽ മുഴുകുന്നവളും സ്വർഗ്ഗത്തിൽ ശോഭിക്കുന്ന കല്പവൃക്ഷപൂചൂടിയ

പ്രഗല്ഭതലമുടിയോടുകൂടിയവളുമാണ് ദേവി.

*കലിതത്രിവർഗപദവീമപവർഗദകല്യസേവനാമംബാം*
*ഗാങ്ഗജലൈർനളിനദളൈരാരഗ്വധപത്രജാലകൈരർച്യാം.* 230

മോക്ഷസ്വരൂപിണിയും മോക്ഷദായിനിയും ആയ ദേവി ഗംഗാജലം കൊണ്ടും താമരയിതൾകൊണ്ടും കണിക്കൊന്നപൂവുകൊണ്ടും അർച്ചിയ്ക്ക പെടേണ്ടവളുമാണ്.

*ശശിശേഖരസർവസ്വം പൂർവാചാര്യൈഃ പുരസ്കൃതം തേജഃ*
*മാമകചക്ഷുർവിഷയം കദാ ന കൈലാസകലിതചങ്ക്രമണം.* 231

മുൻ ആചാര്യന്മാരൊടൊപ്പം ശിവന്റെ സർവ്വസ്വമായ പാർവ്വതിയുടെ കൈലാസഗമനം എന്നാണാവോ എനിക്ക് കാണുമാറാകുക.

*മോഹിതഭുവനാ ദേവീ സാ ഹിതകരനിത്യചിന്തനാ ഭജതാം*
*താഡിതരിപുജനമാന്യാ പീഡിതനിജഭക്തഭവഭയാ ജയതി.* 232

ഭുവനങ്ങളെ മോഹിതയാക്കുന്നവളും ഹിതകരമായവയെ എപ്പോഴും ചിന്തിക്കുന്നവളും ശത്രുക്കളെ അടിച്ച് നിലംപരിശാക്കുന്നവളും ദുഃഖിതജനങ്ങൾക്ക് അഭയവുമായ ആ ദേവിയെ ഭജിക്കു. ആ ദേവി സർവ്വോൽക്കർഷേണ വർത്തിക്കട്ടെ.

*പ്രത്യങ്ഗലസിതഭൂഷാ സത്യം മാതാ ഹി ശരണമസ്മാകം*
*ക്വത്യം യമഭയമസ്യാഃ സ്തുത്യം ജഗതീഹ വൈഭവം മനുജൈഃ.* 233

നമുക്ക് ശരണമാകുന്നു. മനുഷ്യലോകം യാതൊരുവളുടെ വൈഭവത്തെ സ്തുതിക്കുന്നുവോ ആ ദേവി നമുക്ക് അഭയം തരുന്നു.

*അംബ ത്വമേവ കമലാസനാദിവൈഭവവിധാത്രീ ച*
*താം ത്വാം ശരണം പ്രാപ്താഃ ലോകേ/മുഷ്മിൻ കിമാശാസ്യം.* 234

അമ്മേ അങ്ങ് ബ്രഹ്മാദിദേവന്മാരുടെ വൈഭവത്തെ സൃഷ്ടിക്കുന്നവളാണ്. അങ്ങനെയുള്ള അങ്ങയെ ശരണം പ്രാപിക്കുന്നവരാകുന്നു ഞങ്ങൾ.

*കുങ്കുമരുചിലസിതാങ്ഗം കമലാസനമാത്തകമലം ച*
*ഹസ്താംബുജധൃതപുസ്തകരുദ്രാക്ഷാദി ച തഥാ രൂപം.* 235

കുങ്കുമനിറത്താൽ ശോഭിക്കുന്നതും താമരയിലിരിക്കുന്നതും കൈയിൽ താമര, പുസ്തകം, രുദ്രാക്ഷം തുടങ്ങിയവ ഏന്തിയതുമായ രൂപം ശോഭിക്കുന്നു.

*ജിതമന്മഥവരിവസ്യാസക്തം രൂപം ച തേ മാതഃ*
*കാലാനുകൂലകലിതം പരതത്വവിദാം ചകാസ്തി ഹൃദയതടേ.* 236

ശിവപൂജയിൽ ആസക്തവും പരാശക്തിയുടെ തത്ത്വം അറിയുന്നവരുടെ മനസ്സിൽ കാലാനുകൂലമായി വർത്തിക്കുന്നതുമായ അവിടുത്തെ രൂപം സുന്ദരമായി ശോഭിക്കുന്നു.

*ഹിമവന്നഗേന്ദ്രകന്യേ ഭൂസുരകൃതബഹുളപൂജയാ ധന്യേ*
*മാന്യേ സുമനഃസങ്ഘൈസ്ത്വാം കലയേ ഹൃദി സദാ ഹി കടിശൂന്യേ.* 237

അല്ലയോ ഹിമവൽപുത്രി ബ്രാഹ്മണരുടെ പൂജയാൽ ബഹുമാനിയ്ക്കപ്പെട്ടവളും സുന്ദരിയുമായ ദേവിയെ സദാ മനസ്സിൽ ധ്യാനിക്കുന്നു.

*നിരസിതനിഷ്കിഞ്ചനജനദൈന്യാ കന്യാ ധരാധരേശസ്യ*
*ദൃക്കാന്തിവിജിതഹരിണാ ഹരിണാരാധ്യാ ച സാ ജയതി.* 238

ദരിദ്രന്മാരുടെ ദുഃഖത്തെ ഇല്ലാതാക്കിയവളും പർവ്വതരാജപുത്രിയും മാൻപേടകളുടെ കണ്ണുകളെ ജയിച്ചവളുമായ ആ ദേവി സർവ്വോൽക്കർഷേണ വർത്തിക്കുന്നു.

*വിനതജനിതാപവർഗാ സർഗാദികരീ ച സാ ദേവീ*
*നിജലീലാഹൃതഭർഗാ ദുർഗാദിശ്രേയസാം ജനനീ.* 239

നമിച്ചവർക്ക് മോക്ഷം പ്രദാനം ചെയ്യുന്നവളും സൃഷ്ടിസ്ഥിതിസംഹാരകർത്രിയും സ്വലീലയാൽ ഐശ്വര്യപൂർണ്ണയും ദുർഗ്ഗാദി ദേവതകളുടെ ശ്രേയസ്സിൻ സ്രോതസ്സുമായ ദേവി സർവ്വോൽക്കർഷേണ വർത്തിക്കുന്നു.

*കവനകൃതാം തോഷകൃതേ ജഗദവനാദിക്രിയാപുഷേ ഭവതു*
*ശാങ്കരിരൂപായ പരം നമ ഉക്തിർജ്യോതിഷേ/സ്മാകം.* 240

നമിക്കുന്നവരെ സന്തോഷിപ്പിക്കുന്നവളും ലോകരക്ഷണാദി ക്രിയകളാൽ പോഷിപ്പിക്കുന്നവളുമായ ശിവപത്നീരൂപത്തിലുള്ള ജ്യോതിസ്സിന് നമസ്കാരം.

*ഫണിപതിഭൂഷിതദേഹാ ഹരഭജനാനന്ദസന്ദോഹാ*
*തത്ത്വൈർഹതസന്ദേഹാ ചകാസ്തു ഹൃദയേ വിധൂതജനമോഹാ.* 241

ശിവദേഹത്തെ അലങ്കരിച്ചവളും ശിവഭജനത്താൽ സന്തുഷ്ടയും തത്ത്വജ്ഞാനത്താൽ സംശയമില്ലാതായവളും ജനമനസ്സിലെ മോഹത്തെ ഇല്ലാതാക്കുന്നവളുമായ ദേവി ഹൃദയത്തിൽ ശോഭിക്കട്ടെ.

*ജയതി ജനനി ത്വദീയം രൂപം രവികോടിതുലിതമിദം*
*ഏതന്നാനാകാരം കാലേ കൃതരക്ഷണം ച ഭുവനേഡ്യം.* 242

കോടിസൂര്യതുല്യമായതും ലോകത്തിൽ സ്തുത്യവും വിവിധാകൃതിയിൽ ലോകരക്ഷ ചെയ്യുന്നതുമായ അമ്മേ അവിടുത്തെ രൂപം ജയിക്കുന്നു.

*മദനാരികണ്ഠസുഷമാസാക്ഷീഭൂതസ്വബാഹുയുഗളാ സാ*
*കുങ്കുമപങ്കാങ്കിതതനുരേഷാ ദേവീ ചകാസ്തി ബഹുരൂപാ.* 243

കുങ്കുമപൊടിയണിഞ്ഞ ശരീരത്തോടുകൂടിയവളും പല രൂപങ്ങളും ധരിക്കുന്നവളുമായ ആ ദേവി ശോഭിക്കുന്നു.

*കാഞ്ചീമണിലസിതകടിഃ കാഞ്ചീപുരഭൂഷണം ച തദ്ധാമ*
*യന്മന്മഥരിപുമാന്യം നിജലീലാകലിതബഹുരൂപം.* 244

കാഞ്ചീമണിയാൽ ശോഭിക്കുന്ന അരക്കെട്ടോടുകൂടിയവളും കാഞ്ചീപുരത്തിന്റെ അലങ്കാരത്തോടുകൂടിയവളും ശിവന് ബഹുമാന്യയും പല രൂപങ്ങളിൽ ലീലകൾ ആടുന്നവളുമായ ആ തേജസ്സ് ഞങ്ങളുടെ മുമ്പിൽ സ്ഫുരിക്കട്ടെ.

*കരപങ്കജധൃതമാലാ സൃഷ്ടിസ്ഥിത്യാദിബഹുലീലാ*
*വീടീവിലസിതവദനാ വിരചിതനതഹർമ്യവരസദനാ.* 245

താമരമാല കൈയിൽ പിടിച്ചവളും സൃഷ്ടിസ്ഥിതി തുടങ്ങിയ പലവിധ ലീലകളാടുന്നവളും താംബൂലം വായയിലുള്ളവളും ശ്രേഷ്ഠമായ മാളികകളുള്ളവളുമായ ദേവി ഞങ്ങളുടെ മുമ്പിൽ സ്ഫുരിക്കട്ടെ.

*വിസൃമരനതാനുകമ്പാ തം പാതകിവർഗമാദരാദംബാ*
*രക്ഷതി തനുജിതശംബാ സാ നഃ ശരണം പുരഃ സ്ഫുരതു.* 246

നമിക്കുന്നവരോട് അനുകമ്പയുള്ളവളും പാതകംചെയ്തവരെ രക്ഷിക്കുന്നവളും ഇടിമിന്നലിനെ ജയിക്കുന്നവളുമായ ദേവി ഞങ്ങളുടെ മുമ്പിൽ തിളങ്ങട്ടെ.

*ശൂലിനി സുരജനപാലിനി കാത്യായനി ദേവി മാം പാഹി*
*സുരലോകകുസുമമാലിനി ശിവഖേലിനി ചണ്ഡികേ പാഹി.* 247

ശൂലിനി, ദേവന്മാരെ പാലിക്കുന്നവളെ, കാത്യായിനി, ദേവി എന്നെ രക്ഷിക്കൂ. ദേവലോകത്തിന് പൂമാലയായവളെ ശിവനോടൊപ്പം കളിയ്ക്കുന്നവളെ, ചണ്ഡികേ രക്ഷിക്കൂ.

*ഭാരതി ഭൈരവി ശാങ്കരി കപാലിനി നമോ/സ്തു തേ നിത്യം*
*സ്തുത്വൈവമംബ വാചാ മനസാരാധ്യം നമാമി തേ പാദം.* 248

ഭാരതി! ഭൈരവി! ശാങ്കരി! കപാലിനി! ഹേ അമ്മേ! വാക്കാലും മനസ്സുകൊണ്ടും സ്തുതിച്ചിട്ട് അവിടുത്തെ ആരാധ്യമായ പാദങ്ങളെ ഞാൻ നമിക്കുന്നു.

*കുടിലകചം ലികുചകുചം മൃദുബാഹുലതം ച കുങ്കുമച്ഛായം*
*വിലസതി ശശധരമൗലേഃ സർവസ്വം സുകൃതപരിപാകഃ.* 249

ചുരുണ്ട തലമുടിയോടും വളരെ മൃദുവായ കൈകളോടും കുങ്കുമസദൃശവും ശിവന്റെ സർവ്വസ്വവും സുകൃതപരിപാകവുമായ ആ ദേവി ശോഭിക്കുന്നു.

*ഉന്മൂലയതി ശുഭേതരവാർത്താമപ്യംബ തേ നമ*
*ഭജനാദപി കീർതനതഃ കിം വാ ഭാഗ്യം ത്വദീയഭക്താനാം.* 250

അശുഭങ്ങളായ വാർത്തകളെ ഇല്ലാതാക്കുന്നു. അങ്ങനെയുള്ള അവിടുത്തേയ്ക്ക് നമസ്കാരം. അവിടുത്തെ ഭക്തന്മാർക്ക് ഭാഗ്യം. ഭജിയ്ക്കുക, കീർത്തനം ചെയ്യുക എന്നതുകൊണ്ട് എന്തുതന്നെ ഭാഗ്യം ലഭിക്കുകയില്ല? എല്ലാ ഭാഗ്യവും കിട്ടും.

(തുടരും)

## സംസ്കൃതപഠനം - 30

ഡി. പ്രകാശ്

(കഴിഞ്ഞലക്കം തുടർച്ച)

കഴിഞ്ഞ ലക്കത്തിൽ പ്രാർത്ഥനാരൂപമെഴുതാൻ തന്നിരുന്നു. അവ എപ്രകാരമെന്ന് താഴെ കൊടുക്കുന്നു.

| വർത്തമാനക്രിയാ लट् | പ്രാർത്ഥനാരൂപം लोट् |
|---|---|
| हरिणः धावति | हरिणः धावतु |
| यानं गच्छति | यानं गच्छतु |
| रामः वृक्षम् आरोहति | रामः वृक्षम् आरोहतु |

| | |
|---|---|
| त्वम् आलस्यं त्यजसि | त्वम् आलस्यं त्यज |
| बालाः क्रीडन्ति | बालाः क्रीडन्तु |
| अहं जलं पिबामि | अहं जलं पिबानि |
| वयं खादामः | वयं खादम |
| यूयं नृत्यथ | यूयं नृत्यत |
| गायकौ आलपतः | गायकौ आलपतां |
| युवां नृत्यथः | युवां नृत्यतं |
| आवां छात्रौ भवावः | आवां छात्रौ भवाव |

മുകളിൽ കൊടുത്തിരിക്കുന്ന ക്രിയാപദങ്ങളുടെ പ്രാർത്ഥനാരൂപത്തിലുള്ള ക്രിയാപദങ്ങൾ താഴെ കൊടുക്കുന്നു.

| - | ഏകവചനം | ദ്വിവചനം | ബഹുവചനം |
|---|---|---|---|
| പ്രഥമ പുരുഷൻ | गायतु/गायतात् | गायताम् | गायन्तु |
| മധ്യമ പുരുഷൻ | गाय/गायतात् | गायतम् | गायत |
| ഉത്തമ പുരുഷൻ | गायानि | गायाव | गायाम |
| പ്രഥമ പുരുഷൻ | धावतु/धावतात् | धावताम् | धावन्तु |
| മധ്യമ പുരുഷൻ | धाव/धावतात् | धावतम् | धावत |
| ഉത്തമ പുരുഷൻ | धावानि | धावाव | धावाम |
| പ്രഥമ പുരുഷൻ | गच्छतु/गच्छतात् | गच्छताम् | गच्छन्तु |

| | | | |
|---|---|---|---|
| മധ്യമ പുരുഷൻ | गच्छ/गच्छतात् | गच्छतम् | गच्छत |
| ഉത്തമ പുരുഷൻ | गच्छानि | गच्छाव | गच्छाम |
| പ്രഥമ പുരുഷൻ | आरोहतु/ आरोहतात् | आरोहताम् | आरोहन्तु |
| മധ്യമ പുരുഷൻ | आरोह/आरोहतात् | आरोहतम् | आरोहत |
| ഉത്തമ പുരുഷൻ | आरोहानि | आरोहाव | आरोहाम |
| പ്രഥമ പുരുഷൻ | त्यजतु/त्यजतात् | त्यजताम् | त्यजन्तु |
| മധ്യമ പുരുഷൻ | त्यज/त्यजतात् | त्यजतम् | त्यजत |
| ഉത്തമ പുരുഷൻ | त्यजानि | त्यजाव | त्यजाम |
| പ്രഥമ പുരുഷൻ | क्रीडतु/क्रीडतात् | क्रीडताम् | क्रीडन्तु |
| മധ്യമ പുരുഷൻ | क्रीड/क्रीडतात् | क्रीडतम् | क्रीडत |
| ഉത്തമ പുരുഷൻ | क्रीडानि | क्रीडाव | क्रीडाम |
| പ്രഥമ പുരുഷൻ | पिबतु/पिबतात् | पिबताम् | पिबन्तु |
| മധ്യമ പുരുഷൻ | पिब/पिबतात् | पिबतम् | पिबत |
| ഉത്തമ പുരുഷൻ | पिबानि | पिबाव | पिबाम |
| പ്രഥമ പുരുഷൻ | खादतु/खादतात् | खादताम् | खादन्तु |
| മധ്യമ പുരുഷൻ | खाद/खादतात् | खादतम् | खादत |

| | | | |
|---|---|---|---|
| ഉത്തമ പുരുഷൻ | खादानि | खादाव | खादाम |
| പ്രഥമ പുരുഷൻ | नृत्यतु/नृत्यतात् | नृत्यताम् | नृत्यन्तु |
| മധ്യമ പുരുഷൻ | नृत्य/नृत्यतात् | नृत्यतम् | नृत्यत |
| ഉത്തമ പുരുഷൻ | नृत्यानि | नृत्याव | नृत्याम |

മേല്പറഞ്ഞ ക്രിയാരൂപങ്ങളുടെ വാക്യപ്രയോഗങ്ങൾ പരിശീലിക്കാം. താഴെ കൊടുത്തിട്ടുള്ള വാക്യങ്ങൾ ബ്രാക്കറ്റിൽ കൊടുത്തിട്ടുള്ള പദങ്ങളുടെ പ്രാർത്ഥനാരൂപത്തിലുള്ള ഉചിതരൂപങ്ങൾകൊണ്ട് പൂരിപ്പിക്കുക.

1. ______ गायाम। (अहं, आवां, वयं)
2. यूयं ______ । (गायथ)
3. त्वं ______ । (गायसि)
4. येशुदासः ______ । (गायति)
5. ______ गायानि। (अहं, आवां, वयं)
6. ______ गच्छ। (त्वं, युवां, यूयं)
7. छात्रौ ______। (गच्छतः)
8. आवां ______। (गच्छावः)
9. ______ गायन्तु। (भवान्, भवन्तु, भवन्तः)

ഭാവികാലക്രിയാപദങ്ങളെ പരിചയപ്പെടാം. രണ്ടു തരത്തിലുള്ള ഭാവികാലങ്ങളാണ് സംസ്കൃതത്തിലുള്ളത്. ഇന്ന് സംഭവിയ്ക്കാൻ പോകുന്ന കാര്യങ്ങൾക്ക് എന്ന വിഭാഗത്തിൽപെടുന്ന ഭാവികാലം. നാളെ മുതൽ സംഭവിയ്ക്കാൻ പോകുന്ന കാര്യങ്ങൾക്ക് എന്ന വിഭാഗത്തിൽപെടുന്ന ഭാവികാലം. ഇവിടെ സാമാന്യമായി എന്ന വിഭാഗത്തിൽപെടുന്ന ഭാവികാലക്രിയകളെ ഉപയോഗിയ്ക്കാം. അവയെ പരിചയപ്പെടുത്താം. ഉദാഹരണമായി ഒരു ക്രിയ വർത്തമാന ഭാവികാലങ്ങളിൽ എങ്ങനെ പ്രയോഗിക്കുന്നു എന്നു നോക്കാം.

| വർത്തമാനകാലം | ഭാവികാലം |
|---|---|
| 1. रमेशः क्रीडति।<br>രമേശൻ കളിയ്ക്കുന്നു. | रमेशः श्वः क्रीडिष्यति।<br>രമേശൻ നാളെ കളിക്കും. |
| 2. रहुलः वदति।<br>രാഹുൽ പറയുന്നു. | रहुलः परश्वः वदिष्यति।<br>രാഹുൽ മറ്റന്നാൾ പറയും. |
| 3. वासुदेवः पठति<br>വാസുദേവൻ പഠിയ്ക്കുന്നു. | वासुदेवः प्रपरश्वः पठिष्यति।<br>വാസുദേവൻ നാലാന്നാൾ പഠിയ്ക്കും. |
| 4. सन्तोषः खादति।<br>സന്തോഷ് ഭക്ഷിയ്ക്കുന്നു. | सन्तोषः श्वः खादिष्यति।<br>സന്തോഷ് നാളെ ഭക്ഷിയ്ക്കും. |
| 5. वृक्षः पतति।<br>മരം വീഴുന്നു. | वृक्षः पतिष्यति।<br>മരം വീഴും. |
| 6. वृष्टिः भवति।<br>മഴ ഉണ്ട്. | वृष्टिः भविष्यति।<br>മഴ ഉണ്ടാകും. |
| 7. ग्रामीणः मार्गं सूचयति<br>ഗ്രാമീണൻ വഴി സൂചിപ്പിക്കുന്നു. | ग्रामीणः मार्गं सूचयिष्यति।<br>ഗ്രാമീണൻ വഴി സൂചിപ്പിക്കും. |
| 8. युवकः यानं चालयति।<br>യുവാവ് വണ്ടി ഓടിക്കുന്നു. | युवकः यानं चालयिष्यति।<br>യുവാവ് വണ്ടി ഓടിക്കും. |

ഭാവികാലക്രിയാപദങ്ങൾക്കും ഒമ്പതു രൂപങ്ങൾ വീതമുണ്ട്. വർത്തമാനക്രിയാപദങ്ങളുടെ പ്രയോഗംപോലെ ഇതും കണ്ടുകൊള്ളണം. ഒമ്പതു രൂപങ്ങൾ വീതം താഴെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| പ്ര. പു. | क्रीडिष्यति | क्रीडिष्यतः | क्रीडिष्यन्ति |
| മ. പു. | क्रीडिष्यसि | क्रीडिष्यथः | क्रीडिष्यथ |
| ഉ. പു. | क्रीडिष्यामि | क्रीडिष्यावः | क्रीडिष्यामः |
| പ്ര. പു. | वदिष्यति | वदिष्यतः | वदिष्यन्ति |
| മ. പു. | वदिष्यसि | वदिष्यथः | वदिष्यथ |

| | | | |
|---|---|---|---|
| ഉ. പു. | वदिष्यामि | वदिष्यावः | वदिष्यामः |
| പ്ര. പു. | पठिष्यति | पठिष्यतः | पठिष्यन्ति |
| മ. പു. | पठिष्यसि | पठिष्यथः | पठिष्यथ |
| ഉ. പു. | पठिष्यामि | पठिष्यावः | पठिष्यामः |
| പ്ര. പു. | खदिष्यति | खादिष्यतः | खादिष्यन्ति |
| മ. പു. | खादिष्यसि | खादिष्यथः | खादिष्यथ |
| ഉ. പു. | खादिष्यामि | खादिष्यावः | खादिष्यामः |
| പ്ര. പു. | पतिष्यति | पतिष्यतः | पतिष्यन्ति |
| മ. പു. | पतिष्यासि | पतिष्यथः | पतिष्यथ |
| ഉ. പു. | पतिष्यामि | पतिष्यावः | पतिष्यामः |
| പ്ര. പു. | भविष्यति | भविष्यतः | भविष्यन्ति |
| മ. പു. | भविष्यसि | भविष्यथः | भविष्यथ |
| ഉ. പു. | भविष्यामि | भविष्यावः | भविष्यामः |
| പ്ര. പു. | सूचयिष्यति | सूचयिष्यतः | सूचयिष्यन्ति |
| മ. പു. | सूचयिष्यसि | सूचयिष्यथः | सूचयिष्यथ |
| ഉ. പു. | सूचयिष्मामि | सूचयिष्यावः | सूचयिष्यामः |

ഭാവികാലക്രിയാപദങ്ങളിൽ രൂപവ്യത്യാസമുള്ളവ താഴെ ചേർക്കുന്നു.

| വർത്തമാനം | ഭാവികാലം |
|---|---|
| लिखति | लेखिष्यति |
| पिबति | पास्यति |
| ददाति | दास्यति |
| गायति | गास्यति |

| | |
|---|---|
| पश्यति | द्रक्ष्यति |
| क्रीणाति | क्रेष्यति |
| जानाति | ज्ञास्यति |
| शृणोति | श्रोष्यति |
| पृच्छति | प्रक्ष्यति |
| नयति | नेष्यति |
| त्यजति | त्यक्ष्यति |
| शक्नोति | शक्ष्यति |
| सिञ्चति | सेक्ष्यति |

ഇതുപോലെ നിരവധി ക്രിയാപദങ്ങളുണ്ട്. താഴെ കൊടുക്കുന്ന വാക്യങ്ങൾ ഭാവികാലത്തിലെഴുതി പഠിക്കുക.

1. बालः विद्यालयं गच्छति।
2. सः संस्कृतं पठति।
3. अधिकारी नियमं वदति।
4. चित्रा गीतं गायति।
5. फलम् अत्र पतति।
6. शिशुः क्षीरं पिबति।
7. अतिथिः अन्नं खादति।
8. भार्या साटिकां क्रीणाति।
9. सा वेदं शृणोति।
10. पथिकः मार्गं पृच्छति।

ഭാവികാലക്രിയാ പദങ്ങളുടെ രൂപങ്ങൾ അവസാനിക്കുന്നവിധം മറ്റു ഉദാഹരണത്തിലൂടെ പഠിയ്ക്കാം.

ഉദാഹരണമനുസരിച്ച് പൂരിപ്പിക്കുക.

| भवति | भविष्यति | भविष्यतः | भविष्यन्ति |
|---|---|---|---|
| पठति | | | |
| गच्छति | | | |
| लिखति | | | |
| धावति | | | |
| वदति | | | |
| ददाति | | | |
| शृणोति | | | |
| स्मरति | | | |
| नयति | | | |
| पश्यति | | | |
| भवति | भविष्यसि | भविष्यथः | भविष्याथ |
| धावति | | | |
| करोति | | | |
| स्थापयति | | | |
| निन्दति | | | |
| भवति | भविष्यामि | भविष्यावः | भविष्यामः |
| प्रक्षालयति | | | |
| चोरयति | | | |
| पतति | | | |
| तरति | | | |

ചുവടെ എഴുതുന്ന പട്ടികയിലുള്ള രൂപങ്ങൾ ഉചിതമായവ എടുത്ത് വാക്യങ്ങൾ പൂരിപ്പിക്കുക.

| | | |
|---|---|---|
| वदिष्यति | वदिष्यतः | वदिष्यन्ति |
| वदिष्यसि | वदिष्यथः | वदिष्यथ |
| वदिष्यामि | वदिष्यावः | वदिष्यामः |

1. भवत्यः ________ ।
2. अहं ________ ।
3. यूयं ________ ।
4. भवती ________ ।
5. वयं ________ ।
6. भवत्यौ ________ ।
7. आवां ________ ।
8. युवां ________ ।
9. भवान् ________ ।
10. त्वं ________ ।

സുഭാഷിതം :

അനിർവേദഃ ശ്രിയോ മൂലം
അനിർവേദഃ പരം സുഖം
അനിർവേദോ ഹി സതതം
സർവാർത്ഥേഷു പ്രവർത്തകഃ

അന്വയഃ - അനിർവേദഃ ശ്രിയഃ മൂലം ഭവതി. അനിർവേദഃ പരം സുഖം ഭവതി. ഹി അനിർവേദഃ സതതം സർവാർത്ഥേഷു പ്രവർത്തകഃ ഭവതി.

സാരം - നിരാശയില്ലായ്മ ഐശ്വര്യത്തിന്റെ കാരണവും അങ്ങേയറ്റത്തെ സുഖവും ആണ്. എന്തുകൊണ്ടെന്നാൽ എല്ലാ കാര്യങ്ങളിലും നമ്മളെ പ്രവർത്തിപ്പിക്കുന്നത് നിരാശയില്ലായ്മയാണ്.

(തുടരും)

ഔഷധസസ്യങ്ങൾ - 17

# അരയാൽ

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ 0480 2832108

വടവൃക്ഷങ്ങൾ എന്ന പേരിലറിയപ്പെടുന്ന വൃക്ഷസമൂഹത്തെയാണ് പൊതുവെ ആൽമരങ്ങൾ എന്നു പറയുന്നത്. ഏകദേശം അറുപത്തഞ്ച് തരം ആൽവൃക്ഷങ്ങളുണ്ടെന്ന് കണക്കാക്കിയിരിക്കുന്നു. ഭാരതീയ സംസ്കാരത്തോടും പാരമ്പര്യത്തോടും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന ഈ വൃക്ഷസമൂഹം ഔഷധപ്രയോഗങ്ങളിലും, വൈദികവൃത്തികളിലും തുല്യ പ്രധാന്യമുള്ളവയാണ്.

അത്തി, ഇത്തി, അരയാൽ, പേരാൽ എന്നിവയെ നാല്പാമരമായിട്ടാണ് ആയുർവേദശാസ്ത്രം വിലയിരുത്തിയിട്ടുള്ളതും അതിന്റെ അമൂല്യമായ ശക്തി വിശേഷം മനസ്സിലാക്കിയിട്ടുള്ളതും. ആട്ടേക്കേസി കുടുംബത്തിൽപ്പെട്ട അരയാലിന്റെ ശാസ്ത്രനാമം 'ഫൈക്കസ് റിലിജിയോസ' എന്നാണ്. സംസ്കൃതത്തിൽ അശ്വത്ഥം, ക്ഷീരവൃക്ഷം, ബോധിദ്രുമം, കേശവാലയം തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്നു. തൊലിയും കായയുമാണ് ഔഷധയോഗ്യഭാഗങ്ങൾ. ചില ഔഷധപ്രയോഗങ്ങളിലൂടെ - അരയാൽതൊലിയോടൊപ്പം അത്തി, ഇത്തി, പേരാൽ, കല്ലാൽ ഇവയുടെ തൊലിയും ചേർത്ത് കഷായം വെച്ച് സേവിയ്ക്കുകയും, ഇതുതന്നെ ധാരകോരുകയും ചെയ്താൽ - മണ്ഡലിപ്പാമ്പ് കടിച്ചുണ്ടാകുന്ന വിഷവും അതിന്റെ പ്രധാന ലക്ഷണമായ രോമകൂപങ്ങളിൽക്കൂടിയും മൂക്കിൽക്കൂടിയും വായിൽക്കൂടിയും വിഷം വരുന്ന സ്വഭാവം പെട്ടെന്ന് ശമിയ്ക്കുമെന്ന് പ്രസിദ്ധ വിഷവൈദ്യന്മാർ പ്രയോഗിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

അത്തി, ഇത്തി, അരയാൽ, പേരാൽ ഇവയുടെ തൊലിയും പാചൊറ്റിത്തൊലിയും ചേർത്ത് കഷായം വെച്ച് സേവിയ്ക്കുകയും ഈ കഷായം തന്നെ യോനി കഴുകാനുമുപയോഗിയ്ക്കുകയും ചെയ്താൽ ശ്വേതപ്രദരവും രക്തപ്രദരവും ആർത്തവസംബന്ധമായ മറ്റ് അസുഖങ്ങളും ശമിയ്ക്കുമെന്ന് ആധികാരികഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ക്ഷേത്രനടയിൽ സ്ഥിതിചെയ്യുന്ന ആലിനെ ഭക്ത്യാദരപൂർവ്വമാണ് തലമുറകളായി ഭാരതീയർ വീക്ഷിക്കുന്നത്. ആൽത്തറ പ്രദക്ഷിണം ആരോഗ്യദായകമാണ്.

# കുട്ടികളുടെ വാല്മീകി രാമായണം



11

ഉണ്ണികൃഷ്ണൻ കിഴുത്താനി ഫോൺ : 0480 2832108

(ലോകത്തിലെ എല്ലാ കുട്ടികളുടേയും മാനസികാരോഗ്യത്തിനും മൂല്യബോധസംരക്ഷണത്തിനുമായി സമർപ്പിയ്ക്കുന്നു.)

---

(കഴിഞ്ഞലക്കം തുടർച്ച)

മഹത്തായ സംഭവപരമ്പരകളുടെ ചുരുളഴിച്ച്, രാമലക്ഷ്മണന്മാർക്ക് കഴിഞ്ഞകാലം കാണിച്ചുകൊടുക്കുകയാണ് കൃതകൃത്യനായ വിശ്വാമിത്ര മഹർഷി. ഇതെല്ലാം അതീവ ചേതോഹരമാക്കി അവതരിപ്പിച്ച വാല്മീകി നമുക്കു മുന്നിൽ അത്ഭുതമായി അനുഭവപ്പെടുകയാണ്. പരമ പ്രധാനമായ മിഥിലാപുരിയിലേയ്ക്ക് പ്രവേശിയ്ക്കുന്നതിനുമുമ്പുള്ള സംഭവങ്ങളും അദ്ദേഹം ഹൃദയസ്പൃക്കാക്കിയിരിക്കുന്നു. ആരോരുമില്ലാതെ, പക്ഷേ തേജോമയമായ ഒരു ആശ്രമം ഇവരുടെ ശ്രദ്ധയെ ആകർഷിച്ചു. ഈരേഴു പതിന്നാലു ലോകങ്ങളിലും അറിയപ്പെട്ടിരുന്നതും ദേവന്മാർപോലും ആരാധിച്ചിരുന്നതുമായ ഗൗതമ മഹർഷിയുടെ ആശ്രമമാണിതെന്ന വിശ്വാമിത്രന്റെ വെളിപ്പെടുത്തൽ എല്ലാവർക്കും എന്തെന്നില്ലാത്ത അത്ഭുതമുളവാക്കി.

തുടർന്ന് പരാമർശവിഷയമാകുന്നതും വളരെ പ്രാധാന്യമേറിയതുമായ അഹല്യാചരിതവും, മോക്ഷവും ഇവിടെനിന്നാണാരംഭിയ്ക്കുന്നത്. പ്രതിഭാശാലിയായ എഴുത്തുകാരന്റെ കരവിരുതും, അതിലേറെ ഔചിത്യവും വാല്മീകി മഹർഷി ഇവിടെ പ്രകടിപ്പിയ്ക്കുന്നു. ഗൗതമ മഹർഷി പതിവ്രതാരത്നമായ അഹല്യയോടൊത്ത് അനേകായിരം വർഷം തപസ്സുചെയ്ത് പരിപാവനമാക്കിയ ആശ്രമകവാടം അവരെ മാടി വിളിച്ചു. സുന്ദരിയും സുശീലയുമായ അഹല്യയുടെ അംഗലാവണ്യം ദേവേന്ദ്രനെ മത്തുപിടിപ്പിച്ചിരുന്നു. തന്റെ ആഗ്രഹ നിവർത്തിക്കായി തക്കം പാർത്തിരുന്ന അദ്ദേഹം മഹർഷിയില്ലാത്ത സമയത്ത് ആശ്രമത്തിൽ പ്രവേശിച്ച് അഹല്യയുടെ ചാരിത്ര്യമപഹരിച്ചു. പതിയുടെ അറിവോടുകൂടിയാണിത് സംഭവിച്ചതെന്ന് മനസ്സിലാക്കിയ മഹർഷിശ്രേഷ്ഠൻ രണ്ടുപേർക്കും ഉചിതമായ ശാപം നല്കി. അനേകായിരം വർഷം ശിലാരൂപത്തിൽ ആരും അറിയാതെ സ്ഥിതിചെയ്ത് അവസാനം ശ്രീരാമചന്ദ്രൻ ആഗതനായി ശാപമോക്ഷം നല്കുമെന്ന മുനിയുടെ അരുളപ്പാട് ഒരർത്ഥത്തിൽ അഹല്യയ്ക്ക് അനുഗ്രഹ

വുമായിത്തീർന്നു. ശ്രീരാമചന്ദ്രന്റെ കാലടിസ്പർശമേല്ക്കുമ്പോൾ ഉയിർത്തെഴുന്നേല്പ് എത്രമാത്രം അനുഗ്രഹീതമാണ്. മോക്ഷദായകമായ ആ അന്തരീക്ഷം അനുപമസുന്ദരമാക്കി കവിതാമയമാക്കിയിരിക്കുന്നു, വാല്മീകി മഹർഷി. അത്യന്തം നാടകീയമായ സംഭവപരമ്പരകൾ ചുരുളഴിയുമ്പോൾ വായനക്കാർക്കും അഹല്യയെപ്പോലെ സകലപാപദുരിതങ്ങളിൽനിന്നും മോചിതരായ അനുഭവമുണ്ടാകുന്നു.

അതിനുശേഷം വടക്കു കിഴക്കു വഴി വിശ്വാമിത്ര മഹർഷിയോടൊപ്പം രാമലക്ഷ്മണന്മാർ മിഥിലാപുരിയിലെ യജ്ഞശാലയിൽ പ്രവേശിച്ചു. മഹർഷിയുടെ ആഗമനത്തിൽ സന്തുഷ്ടനായ ജനകമഹാരാജാവ് അവരെ യഥാവിധി സ്വീകരിച്ചാനയിച്ച് ഉചിതമായ സ്ഥാനങ്ങൾ നല്കി. കുശലപ്രശ്നങ്ങൾക്കുശേഷം രാമലക്ഷ്മണന്മാർ താപസ രക്ഷാർത്ഥം നിർവ്വഹിച്ച രാക്ഷസനിഗ്രഹങ്ങളും സിദ്ധാശ്രമവാസവും അഹല്യാമോക്ഷം വരെയുള്ള ഉദ്വേഗമുണർത്തുന്ന സംഭവപരമ്പരകളും മഹർഷി ശ്രേഷ്ഠൻ ജനകമഹാരാജാവിനെ ധരിപ്പിച്ചു. സുപ്രസിദ്ധമായ 'വില്ല്' ദർശിയ്ക്കുകയാണ് തങ്ങളുടെ ആഗമനോദ്ദേശ്യമെന്നുമദ്ദേഹം സൂചിപ്പിച്ചു.

(തുടരും)

## ലളിതാസഹസ്രനാമം വ്യാഖ്യാനം - 21

എൽ. ഗിരീഷ്കുമാർ

കഴിഞ്ഞലക്കം തുടർച്ച

*ശ്രീമദ്വാഗ്ഭവകൂടൈകസ്വരൂപമുഖപങ്കജാ* - ശ്രീമത്തായിരിക്കുന്ന വാഗ്ഭവകൂടം സ്വരൂപമായിരിക്കുന്ന മുഖത്തോടുകൂടിയവൾ.

ദേവിയുടെ സ്ഥൂല വർണ്ണനയ്ക്കുശേഷം സൂക്ഷ്മ വർണ്ണന ആരംഭിയ്ക്കുന്നു. ദേവിയുടെ സൂക്ഷ്മ സ്വരൂപം മന്ത്രമാണ്. ദേവിയുടെ വിശേഷപ്പെട്ട സൂക്ഷ്മ സ്വരൂപം മന്ത്രമാണ്. ദേവിയുടെ വിശേഷപ്പെട്ട മന്ത്രം ശ്രീവിദ്യാമന്ത്രമാകുന്നു. കാദി എന്നും ഹാദി എന്നും രണ്ടു വിധിത്തിൽ ഈ മന്ത്രത്തെ പറയുന്നു. സ്ത്രീരൂപത്തിൽ വർണ്ണിയ്ക്കുമ്പോൾ ഈ മന്ത്രം കാദിയും പുരുഷരൂപത്തിൽ വർണ്ണിയ്ക്കുമ്പോൾ ഈ മന്ത്രം ഹാദിയുമാകുന്നു. ശ്രീവിദ്യാമന്ത്രത്തിന് മൂന്നു ഭാഗങ്ങൾ ഉണ്ട്. ഭാഗങ്ങളെ കൂടമെന്ന് പറയുന്നു. ആദ്യകൂടം വാഗ്ഭവമാണ്. വാഗ്ഭവമെന്ന ആദ്യകൂടംകൊണ്ട് നിർമ്മിച്ച മുഖ

ത്തോടുകൂടിയവളാണ് ലളിതാപരമേശ്വരി എന്ന സാരം. ഈ ആദ്യകൂടം ജപിച്ചാൽ വാക്‌സിദ്ധിയുണ്ടാകും. ഈ ആദ്യകൂടത്തിന് തുല്യമാണ് ബാലാപരമേശ്വരിയുടെ മൂന്ന ബീജാക്ഷരങ്ങളടങ്ങിയ മന്ത്രത്തിലെ ആദ്യബീജം.

*35. കണ്ഠാധഃകടിപര്യന്തമധ്യകൂടസ്വരൂപിണീ
ശക്തികൂടൈകതാപന്നകട്യധോഭാഗധാരിണീ*

കണ്ഠാധഃകടിപര്യന്തമധ്യകൂടസ്വരൂപിണീ - കഴുത്തു മുതൽ അരക്കെട്ടുവരെയുള്ള മധ്യകൂടം സ്വരൂപമായിട്ടുള്ളവൾ. ദേവീമന്ത്രത്തിന്റെ രണ്ടാം ഭാഗമാണ് മധ്യകൂടം. ഈ കൂടത്തെ കാമരാജകൂടമെന്ന പറയുന്നു. ദേവിയുടെ കഴുത്തു മുതൽ അരക്കെട്ടുവരെയുള്ള ഭാഗം ഈ കൂടത്തെ കുറിക്കുന്നു.

*ശക്തികൂടൈകതാപന്നകട്യധോഭാഗധാരിണീ* - ശക്തികൂടമായിത്തീർന്ന അരക്കെട്ടിന് താഴെയുള്ള ഭാഗം വഹിക്കുന്നവൾ. ശ്രീവിദ്യാമന്ത്രത്തിന്റെ മൂന്നാം ഭാഗമാണ് ശക്തികൂടം. ഈ ശക്തികൂടമാണ് ദേവിയുടെ ദേവിയുടെ അരക്കെട്ടിന്റെ താഴെയുള്ള ഭാഗമായിത്തീർന്നത്.

ഇപ്രകാരം വാഗ്ഭവകൂടം, കാമരാജകൂടം, ശക്തികൂടം എന്നിങ്ങനെ മൂന്ന കൂടങ്ങൾ ചേർന്ന് പതിനഞ്ച് അക്ഷരങ്ങൾ ഉള്ള പഞ്ചദശാക്ഷരീമന്ത്രം. ലളിതാപരമേശ്വരിയുടെ മന്ത്രത്തിൽ 15 അക്ഷരങ്ങളാണുള്ളത്. ശിവൻ ദേവിയോട് ഇപ്രകാരം പറയുന്നു - 'അഹം പഞ്ചാക്ഷരീ ദേവി! ത്വം തു പഞ്ചദശാക്ഷരീ'. പതിനഞ്ചക്ഷരങ്ങൾ ചന്ദ്രന്റെ ഓരോ തിഥികളാകുന്നു. കൂടാതെ പതിനാറാമത്തെ തിഥി ഗോപ്യമായതാകുന്നു. അങ്ങനെ 15 + 1 = 16 അക്ഷരങ്ങളടങ്ങിയ ശ്രീവിദ്യാമന്ത്രമുണ്ട്. വാഗ്ഭവം, കാമരാജം, ശക്തി എന്നീ മൂന്ന കൂടങ്ങളാകുന്ന ദേവിയുടെ തല, ഉടൽ, അരക്കെട്ടിന് താഴെയുള്ള ഭാഗം എന്നീ മൂന്ന ഭാഗങ്ങൾ ഒന്നിച്ച് ജപിക്കുമ്പോൾ വഗ്രൂപത്തെ ധ്യാനിക്കുന്നു.

*36. മൂലമന്ത്രാത്മികാ മൂലകൂടത്രയകളേബരാ
കുളാമൃതൈകരസികാ കുളസങ്കേതപാലിനീ*

*മൂലമന്ത്രാത്മികാ* - മൂലമന്ത്രം സ്വരൂപമായിട്ടുള്ളവൾ. ദേവിയുടെ സ്വരൂപം മൂലമന്ത്രമാണ് എന്നർത്ഥം. പതിനഞ്ചക്ഷരങ്ങളടങ്ങിയ ശ്രീവിദ്യാമന്ത്രം ഉണ്ടാകാൻ കാരണമായിട്ടുള്ള ഒരു ബീജാക്ഷരമുണ്ട്. അതാണീ മൂലമന്ത്രം. ഈ മൂലമന്ത്രം ഗോപ്യമാണ്. അത് ഗുരുമുഖത്തുനിന്ന് മനസ്സിലാക്കണം. അതാണ് ദേവിയുടെ സ്വരൂപം.

*മൂലകൂടത്രയകളേബരാ* - മൂന്ന് മൂലകൂടങ്ങൾ ചേർന്ന് ഉടൽ പൂണ്ടവൾ. മൂലബീജാക്ഷരം മൂന്ന് ബിന്ദുക്കൾ ചേർന്നതാണ്. ത്രിബിന്ദുസ്വരൂപിണി യാണ് ദേവി. മധുരമീനാക്ഷിയുടെ ത്രിസ്തനിത്വം ഇതിനെ സൂചിപ്പിയ്ക്കുന്നു. മൂന്ന് ബിന്ദുക്കൾ ചേർന്ന ആ ദേവീസ്വരൂപം ഒരു പ്രത്യേകഭാവത്തിലെ ത്തിയാൽ മാത്രമേ മനസ്സിലാക്കുവാൻ സാധിയ്ക്കുകയുള്ളൂ.

*കുളാമൃതൈകരസികാ* - കുളാമൃതം എന്ന ഒന്നിനെ ആസ്വദിയ്ക്കുന്ന വൾ. കുളാമൃതം എന്ന ഏകവസ്തുവിൽമാത്രം രസിയ്ക്കുന്നവളാണ് ദേവി.

ഇവിടെ 'കുളം' എന്നതും 'കുലം'മെന്നതും ഒന്നുതന്നെയാണ്. കുള ത്തിൽനിന്ന് ഉണ്ടാകുന്ന അമൃതമാണ് കുളാമൃതം. കുളം എന്നതിന് കുടും ബം കൂട്ടം എന്നെല്ലാം അർത്ഥമുണ്ട്. കൂടാതെ സുഷുമ്ന, ത്രിപുടി, ശരീരം എ ന്നുമർത്ഥമാകാം. പല ഘടകങ്ങൾ ചേർന്ന് ഒന്നായിത്തീർന്നത് എന്തോ അതാണ് കുലം. പലതായി നിൽക്കുന്നതിനെ ഒന്നായി (ഏകമായി) അ റിയുമ്പോൾ ഉണ്ടാകുന്ന അമൃതത്വമാണ് കുളാമൃതം. ഭിന്നിച്ച് നിൽക്കുന്ന ഈ പ്രപഞ്ചം ഒന്നാണെന്ന അനുഭവമുണ്ടാകുമ്പോൾ ആ ഏകാനുഭവജ ന്യരസമാണ് കുളാമൃതം. അതുതന്നെ മോക്ഷകാരണം.

കുലം എന്നതിന് സുഷുമ്ന എന്നർത്ഥം പറഞ്ഞാൽ കുണ്ഡലിനീശ ക്തിയായ ദേവി സുഷുമ്ന എന്ന രാജപാതയിൽ പ്രവേശിച്ച് സഹസ്രാരപ ദ്മത്തിലെത്തിക്കഴിഞ്ഞാൽ ചന്ദ്രമണ്ഡലത്തിൽനിന്നും സ്രവിയ്ക്കുന്ന അമൃ തം എന്ന ഏകരസം പാനം ചെയ്യുന്നവൾ എന്നർത്ഥം ഈ നാമത്തിന് സ്വീകാര്യമാകുന്നു.

കുലം എന്നതിന് ത്രിപുടി എന്നർത്ഥം സ്വീകരിച്ചാൽ ജ്ഞാനജ്ഞാ തൃജ്ഞേയങ്ങളുടെ ഏകത്വാനുഭവമാണ് കുളാമൃതം. ജ്ഞാനം അറിവും ജ്ഞാതാവ് അറിയുന്നവനും ജ്ഞേയം അറിയുന്ന വസ്തുവുമാണ്. അങ്ങ നെ അറിയുന്നാളും അറിയുന്ന വസ്തുവും അറിവും ഒന്നായാവസ്ഥയിൽ നിന്ന് ജന്യമായതാണ് കുളാമൃതം എന്നും പറയാം. ഇതുപോലെ മാന മാതൃമേയങ്ങളുടെയും (അളക്കുന്നാൾ, അളക്കപ്പെടുന്നത്, അളവ്) ധ്യാന ധ്യാതൃധ്യേയങ്ങളുടെയും (ധ്യാനിയ്ക്കുന്നവൾ, ധ്യാനിയ്ക്കപ്പെടുന്നത്, ധ്യാനം) ഏകത്വാനുഭവം കുലം. അതിൽനിന്ന് ജന്യമാകുന്നത് കുളാമൃതം. ആ കു ളാമൃതത്തിൽമാത്രം ആനന്ദിക്കുന്നവൾ.

കുലം എന്നതിന് ശരീരമെന്ന അർത്ഥം കല്പിച്ചാൽ ശരീരത്തിൽ യാ തൊരു ആനന്ദമാകുന്ന അമൃതം ഉണ്ടോ അതിൽമാത്രം രസിക്കുന്നവൾ. ബ്രഹ്മാനന്ദം എല്ലാവരുടെയും ശരീരത്തിനകത്ത് വർത്തിയ്ക്കുന്നതായി പ

രശുരാമകല്പസൂത്രം വ്യക്തമാക്കുന്ന ഇപ്രകാരം 'ആനന്ദം ബ്രഹ്മണോ രൂപം തച്ച ദേഹേ വ്യവസ്ഥിതം.'

*കുളസങ്കേതപാലിനീ* - കൗളമാർഗ്ഗരഹസ്യം സംരക്ഷിക്കുന്നവൾ. രഹസ്യമായി സൂക്ഷിയ്ക്കേണ്ടതായ സങ്കേതങ്ങൾ (ടെക്നിക്കുകൾ) ഉണ്ട്. കൗളമാർഗ്ഗത്തിലെ ആ സങ്കേതങ്ങളെ രഹസ്യമായി പരിപാലിയ്ക്കുന്നവളാണ് ലളിതാപരമേശ്വരി. കൗളം എന്ന് വിളിയ്ക്കപ്പെടുന്ന ഉപാസന പൂർണ്ണമായും ആന്തരികമാണ്. ദേവ്യുപാസനയിൽ ഏറ്റവും ഉത്തമമായ ഉപാസന കൗളമാണെന്ന് പറയുന്നു. ദേവി സപ്താചാരപ്രിയയാണ്. ലൗകികാചാരങ്ങളെക്കാൾ ദക്ഷിണവും ദക്ഷിണത്തേക്കാൾ വാമവും വാമത്തേക്കാൾ സിദ്ധാന്തവും സിദ്ധാന്താചാരത്തേക്കാൾ കൗളാചാരവും ഉത്തമമാകുന്നു. ഇപ്രകാരം വൈദികം, വൈഷ്ണവം, ശൈവം, ദക്ഷിണം, വാമം, സിദ്ധാന്തം, കൗളം എന്നിങ്ങനെ ഏഴ് ആചാരങ്ങളിൽ ദേവി പ്രിയയാകുന്നു. ഇപ്രകാരം ഉപാസനവൈവിധ്യങ്ങളിൽ കൗളമാർഗ്ഗമാണ് ഏറ്റവും ഉത്തമമെന്ന് ശാസ്ത്രങ്ങളിൽ ഇപ്രകാരം പറയുന്നു - 'കൗളാത് ന പരതരം' എന്ന്. കൗളത്തേക്കാൾ ശ്രേഷ്ഠമായി മറ്റൊന്നില്ല.

സ്മൃതിബദ്ധമായ ആചാരമാണ് വൈദികം. വൈഷ്ണവമാകട്ടെ വൈഖാനസം, പഞ്ചരാത്രം എന്നിങ്ങനെ രണ്ടാകുന്നു. വൈഖാനസദീക്ഷ ജന്മംകൊണ്ട് സിദ്ധിക്കുന്നതാകയാൽ അവരെ ഗർഭവൈഷ്ണവർ എന്നു വിളിക്കുന്നു. പാഞ്ചരാത്രികരാകുന്നത് ദീക്ഷകൊണ്ടാണ്. ഇവർ മഹാലക്ഷ്മി എന്ന ശക്തിയിലൂടെ പ്രപഞ്ചത്തെ സൃഷ്ടിച്ച് സംരക്ഷിച്ച് സംഹരിയ്ക്കുന്നതായ നാരായണനെ ഉപാസിക്കുന്നു. ശൈവാചാരത്തിലെ വകഭേദങ്ങൾ ദ്വൈതം, ദ്വൈതാദ്വൈതം, പൂർണ്ണാദ്വൈതം എന്നിവയാണ്. ദക്ഷിണാചാരം, വാമാചാരം എന്നിവ ശിവന്റെ രണ്ട് മുഖത്തിൽനിന്നുണ്ടായവയാണ്. സിദ്ധാന്താചാരം ആന്തരികോപാസനയാണ്. സിദ്ധാന്താചാരത്തിന്റെ പരിപൂർത്തിയിലാണ് കൗളാചാരം. അങ്ങനെ കൗളമാർഗ്ഗം പൂർണ്ണമായും ആന്തരികമായ ഉപാസനയാകുന്നു. 'കൗളഃ ബാഹ്യപൂജാം ന കുര്യത്' എന്ന ഒരു പ്രമാണവുമുണ്ട്. കുളാർണ്ണവം എന്ന തന്ത്രഗ്രന്ഥത്തിൽ കുളാമൃതം എന്ന് വിളിയ്ക്കുന്ന ബോധത്തിന്റെ ആനന്ദസ്വരൂപത്തെ പാനം ചെയ്യുവാൻ നിർദ്ദേശിക്കുന്നു. ഈ ബോധത്തെ മനസ്സിലാക്കുന്ന രീതിയെ അഥവാ സങ്കേതത്തെ രഹസ്യമായി സൂക്ഷിച്ചവൾ എന്ന് ഈ നാമത്തിന് അർത്ഥം വന്നു ചേരുന്നു.

*37. കുളാംഗനാ കുളാന്തസ്ഥാ കൗലിനീ കുലയോഗിനീ
അകുളാ സമയാന്തസ്ഥാ സമയാചാരതത്പരാ*

*കുളാംഗനാ* - കുലസ്ത്രീ, കുലാധിപതി എന്നെല്ലാം അർത്ഥങ്ങൾ. അഥവാ കൗളമാർഗ്ഗപ്രകാരം ആരാധിയ്ക്കപ്പെടേണ്ട ദേവിയാണ് ലളിതാപരമേശ്വരി. കുലം വിഭിന്നമായി കാണപ്പെടുന്ന ഈ ദൃശ്യപ്രപഞ്ചമെങ്കിൽ അത് ഒന്നായുള്ള ശക്തിസ്വരൂപിണിയാണ് കുളാംഗനാ.

*കുളാന്തസ്ഥാ* - കൗളമാർഗ്ഗത്തിനുള്ളിലടങ്ങിയിരിക്കുന്നവൾ. കുളം ശരീരം എന്നാണെന്നതിനാൽ അതിനുള്ളിലിരിക്കുന്നവൾ. കുളം ത്രിപുടിയായതിനാൽ അതിനുള്ളിലിരിയ്ക്കുന്നവൾ. ധ്യാനധ്യാതൃധ്യേയങ്ങളിലിരിയ്ക്കുന്നവൾ. ധ്യാനിയ്ക്കപ്പെടുന്ന വസ്തുവിനും ധ്യാനിയ്ക്കുന്നവനും ധ്യാനത്തിനും ഉള്ളിൽ ഇരിയ്ക്കുന്നവൾ. അതുപോലെ മാനമാതൃമേയങ്ങളുടെയും ജ്ഞാനജ്ഞാതൃജ്ഞേയങ്ങളുടെയുമുള്ളിൽ ഇരിയ്ക്കുന്നവൾ.

*കൗളിനീ* - കുലങ്ങളിൽ പൂജിയ്ക്കപ്പെടുവാൻ അർഹതയുള്ളവൾ. ഓരോ കുലങ്ങളിലും പരദേവതയായി പൂജിയ്ക്കപ്പെടുന്നവൾ. നമ്മുടെ ശരീരത്തിൽ മുഖ്യമായി പൂജിയ്ക്കപ്പെടേണ്ടവൾ എന്നെല്ലാം അർത്ഥം.

*കുലയോഗിനീ* - കൗളമാർഗ്ഗത്തിലെ യോഗിനീ. 64 യോഗിനിമാരുണ്ട്. അവ സൂക്ഷ്മശക്തികളാണ്.

*അകുളാ* - കൂട്ടത്തിൽപെടാത്തവൾ. വൈവിധ്യമാർന്ന പ്രപഞ്ചത്തിന്റെ ആകതുകയാണ് കുളം എങ്കിൽ അതിൽനിന്ന് വ്യതിരിക്തയായ പ്രപഞ്ചോത്തീർണ്ണശക്തിയാണ് ദേവി. കുളമെന്നത് ശരീരമെങ്കിൽ അകുളാ ശരീരത്തിനപ്പുറമുള്ളവളാണ്. കുളം ത്രിപുടിയെങ്കിൽ അകുളാ ത്രിപുടിയില്ലാത്തവൾ. ദേവി കുളസ്വരൂപിണിയും അകുലയുമാണ്. ഒരേ സമയം രണ്ടുമായതുകൊണ്ട് ദേവിയുടെ അവസാന നാമാവലിയിൽ ശിവശക്ത്യൈക്യരൂപിണി എന്ന നാമം വരുന്നു. ദേവി ശിവനും ശക്തിയും ചേർന്നതാണ്. പ്രപഞ്ചോത്തീർണ്ണമായിത്തീരുമ്പോൾ ദേവി ശിവനും പ്രപഞ്ചാത്മകനാകുമ്പോൾ ശിവൻ ശക്തിയുമാകുന്നു. ശിവനും ശക്തിയ്ക്കും വ്യത്യാസമില്ല. ഈ പ്രപഞ്ചം ആനന്ദസാഗരത്തിന്റെ വ്യത്യസ്ത വകഭേദങ്ങൾ മാത്രം. ഈ പ്രപഞ്ചം അകുലവുമാകുന്നു. അതുകൊണ്ട് ഈ പ്രപഞ്ചവും പരമമായ സത്യമാകുന്നു.

*സമയാന്തസ്ഥാ* - സമയത്തിനുള്ളിൽ വർത്തിയ്ക്കുന്നവൾ. കാലസ്വരൂപിണിയായവൾ. കാലം എവിടെനിന്നാണോ ആരംഭിയ്ക്കുന്നത് അതാണ് ദേവി. കാലത്തിനും കാരണമായവൾ കൗളത്തെ ബാഹ്യോപാസ

നയായിട്ടാണ് കാണുന്നതെങ്കിൽ സമയം ആന്തരികോപാസനയാണ്. ലക്ഷ്മീധരാചാര്യൻ സമയം എന്ന ആന്തരികോപാസനയെ വിവരിയ്ക്കുന്നത് ഹ്രസ്വരൂപത്തിൽ ഇപ്രകാരം - ലളിതാപരമേശ്വരിയെ മണിപൂരകചക്രത്തിലെ രത്നമയപീഠത്തിൽ ഇരുത്തി നാല്പത്തിയേഴ് ഉപചാരങ്ങളെക്കൊണ്ട് പൂജിച്ച് ഹൃദയപദ്മത്തിൽ കൊണ്ടുവന്ന് ധൂപദീപങ്ങൾ നൽകുന്നു. അവിടെനിന്ന് ഭ്രൂമദ്ധ്യത്തിൽ കൊണ്ടുവന്ന് ഛത്രചാമരങ്ങൾ സമർപ്പിയ്ക്കുന്നു. പിന്നീട് സഹസ്രാരപദ്മത്തിലെത്തിച്ച് ശിവമടിത്തട്ടിൽ ഇരുത്തി യവനിക ഇട്ട് പുറത്ത് സാധകൻ കാത്തിരിയ്ക്കുന്നു. കാമേശ്വരകാമേശ്വരിമേളനശേഷമുണ്ടായ കുളാമൃതപ്രവാഹത്തിൽ സാധകൻ നീരാടി ദേവിയെ തിരികെ മൂലാധാരത്തിലെത്തിയ്ക്കുന്നു.

*സമയാചാരതല്പരാ* - സമയാചാരത്തിൽ താല്പര്യമുള്ളവൾ. സമയമെന്നാൽ പൂജയെന്നർത്ഥം. ഓരോ പൂജയ്ക്കും ഓരോ ആചാരങ്ങളാണ്. ആ ആചാരങ്ങളിൽ താല്പര്യമുള്ളവൾ. മന്ത്രോപദേശത്തോടൊപ്പം ആചാരവും ഉപദേശിയ്ക്കണം. മന്ത്രത്തിനടിസ്ഥാനമായ സമയത്തിന്റെ (പൂജയുടെ) ആചാരമാണത്. അതിൽ താല്പര്യമുള്ളവളാണ് ദേവി.

കൂടാതെ സാധകരിൽ തുടക്കക്കാരനായ സമയന്റെ ആചാരത്തിൽ താല്പര്യമുള്ളവൾ. സാധകൻ ക്രമത്തിൽ സമയൻ, പുത്രകൻ, ദീക്ഷകൻ, ആചാര്യൻ എന്നീ പടികളിലൂടെ സഞ്ചരിക്കും. ഗുരുവിന്റെ സാധനയ്ക്കും പൂജയ്ക്കും വേണ്ടതായ കാര്യങ്ങൾ ചെയ്തുകൊടുക്കുക എന്ന് തുടങ്ങിയവയാണ് സമയകന്റെ ആചാരം. അതിൽ താല്പര്യമുള്ളവൾ എന്നും അർത്ഥമുണ്ട്.

(തുടരും)

## കേരളീയ ദിവ്യദേശങ്ങളിലെ താന്ത്രികാനുഷ്ഠാനങ്ങൾ

സമ്പാദകൻ : ദാമോദർ നാരായണൻ സി.എൻ.

ദക്ഷിണഭാരതത്തിൽ 8ഉം 9ഉം നൂറ്റാണ്ടുകളിലായി ജീവിച്ചിരുന്ന 12 വൈഷ്ണവ യോഗികളായിരുന്നു ആഴ്വാന്മാർ.

1. പൊയ്ഗൈ ആഴ്വാർ
2. ഭൂദത്ത ആഴ്വാർ

3. പേയ് ആഴ്വാർ
4. പെരിയാഴ്വാർ
5. ആണ്ടാൾ
6. നമ്മാഴ്വാർ
7. മധുരകവി ആഴ്വാർ
8. തിരുമഴിസൈ ആഴ്വാർ
9. തോണ്ടരിടിപ്പൊടി ആഴ്വാർ
10. തിരുമങ്കൈ ആഴ്വാർ
11. തിരുപ്പൻ ആഴ്വാർ
12. കുലശേഖര ആഴ്വാർ

തമിഴ് ഭാഷയിൽ ഭക്തി ഗാനങ്ങൾ രചിച്ചിരുന്ന ഇവരുടെ കൃതികളുടെ സമാഹരണമാണ് 'നാലായിരം ദിവ്യപ്രബന്ധം' എന്ന പേരിൽ അറിയപ്പെടുന്നത്. ഈ കൃതിയിൽ പരാമർശിച്ചിരിക്കുന്ന 108 ക്ഷേത്രങ്ങളാണ് 'ദിവ്യദേശം' (ദേശം = ക്ഷേത്രം) എന്നു പറയപ്പെടുന്നത്. ഇതിൽ 106 എണ്ണം നേപ്പാളിലും ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലുമായി സ്ഥിതി ചെയ്യുന്നു. മറ്റു രണ്ടെണ്ണം യോഗിക തലത്തിലും (തിരുപ്പാൽക്കടൽ, വൈകുണ്ഠം). ഇക്കൂട്ടത്തിൽ കേരളത്തിൽ സ്ഥിതിചെയ്യുന്ന 11 ക്ഷേത്രങ്ങളിലെ താന്ത്രികാനുഷ്ഠാനങ്ങളിലേക്ക് വെളിച്ചം വീശുകയാണ് ഈ പഠനത്തിന്റെ ലക്ഷ്യം. കേരളത്തിലെ പലയിടങ്ങളിലായി സ്ഥിതിചെയ്യുന്ന ക്ഷേത്രങ്ങൾ ഇവയാണ്.

1. തിരുവനന്തപുരം ശ്രീപദ്മനാഭസ്വാമി ക്ഷേത്രം
2. തിരുവല്ലം ശ്രീവല്ലഭക്ഷേത്രം
3. തിരുച്ചിറ്റാറ്റ് മഹാവിഷ്ണുക്ഷേത്രം
4. തിരുപ്പുലിയൂർ മഹാവിഷ്ണുക്ഷേത്രം
5. തിരുവാറന്മുള ശ്രീപാർത്ഥസാരഥിക്ഷേത്രം
6. തിരുവൻ വണ്ടൂർ മഹാവിഷ്ണുക്ഷേത്രം
7. തൃക്കൊടിത്താനം മഹാവിഷ്ണുക്ഷേത്രം
8. തൃക്കാക്കര വാമനമൂർത്തിക്ഷേത്രം
9. തിരുമുഴിക്കളം ലക്ഷ്മണപെരുമാൾ ക്ഷേത്രം
10. തിരുമിറ്റക്കോട് അഞ്ചുമൂർത്തിമംഗലം ക്ഷേത്രം
11. തിരുനാവായ നാവാമുകുന്ദക്ഷേത്രം

ഈ എല്ലാ ക്ഷേത്രങ്ങളിലും അതത് ആഴ്‌വാന്മാർ സ്തുതിച്ചുപാടിയ പാസുരങ്ങൾ (പാട്ടുകൾ) എഴുതിവയ്ക്കപ്പെട്ടിട്ടുണ്ട്.

ഇക്കൂട്ടത്തിൽ തിരുവല്ല ശ്രീവല്ലഭക്ഷേത്രത്തിലേതൊഴിച്ച് മറ്റെല്ലായിടത്തേയും ആരാധനാപദ്ധതി കേരളീയ സമ്പ്രദായത്തിലെ ഇന്ന് നിലനില്ക്കുന്നതിൽ ഏറ്റവും പ്രസിദ്ധമായ 'തന്ത്രസമുച്ചയ' പ്രകാരമുള്ളതാകുന്നു. തിരുവല്ലത്തിലേത് അതിനെപ്പറ്റിപ്പറയുന്ന വേളയിൽ വിശദീകരിക്കുന്നതാണ്. തന്ത്രസമുച്ചയത്തെപ്പറ്റിയും അതിന്റെ കാലഘട്ടത്തെപ്പറ്റിയും ഒന്നു പരാമർശിക്കുന്നത് ഇന്ന് ഈ ക്ഷേത്രങ്ങളിൽ നിലനില്ക്കുന്ന പൂജാപദ്ധതികളുടെ സ്വഭാവത്തെയും കാലഘട്ടത്തെയും കുറിച്ച് ഒരു ധാരണ വരാൻ സഹായിക്കും.

## തന്ത്രസമുച്ചയം

തന്ത്രസമുച്ചയം 14-ാം നൂറ്റാണ്ടിൽ ശ്രീ ചേന്നാസ് നാരായണൻ നമ്പൂതിരിയാൽ എഴുതപ്പെട്ടതാണ്. 12 അദ്ധ്യായങ്ങളോടുകൂടിയ ഈ ഗ്രന്ഥത്തിന് വിവരണം, വിമർശിനി എന്നു രണ്ടു സംസ്കൃതവ്യാഖ്യാനങ്ങളും ബാലപ്രബോധിനി എന്നൊരു ഭാഷാവ്യാഖ്യാനവും ഉണ്ട്. ഏഴു ദേവന്മാരുടെ പൂജ, ഉത്സവം, പ്രതിഷ്ഠ മറ്റു ക്രിയകൾ എന്നിവ ഇതിൽ വിശദമായി പ്രതിപാദിച്ചിരിയ്ക്കുന്നു. പേരു സൂചിപ്പിക്കുന്ന പോലെത്തന്നെ വിവിധ തന്ത്രഗ്രന്ഥങ്ങളിൽനിന്നുള്ള ഒരു ശേഖരണമാണ് ഈ ഗ്രന്ഥം. ഇതിലെ വിഷ്ണുവിന്റെ പൂജാപദ്ധതി പ്രധാനമായും 'വിഷ്ണു സംഹിത' എന്ന ഗ്രന്ഥത്തിൽനിന്നും എടുത്തിട്ടുള്ളതാണ്. വിഷ്ണുവിന്റെ ക്രിയകളാണ് ഇതിൽ വിശദീകരിച്ചു കൊടുത്തിട്ടുള്ളത്. അതിനുശേഷം മറ്റു ദേവന്മാരുടെ വിശേഷങ്ങൾ പരാമർശിക്കുകയും ചെയ്തിരിയ്ക്കുന്നു. 'വിവരണ' വ്യാഖ്യാനത്തിൽ വിഷ്ണുസംഹിതയുടെ പരാമർശം കാണാം. ഇതിൽനിന്നും ഈ ഗ്രന്ഥത്തിന് തന്ത്രസമുച്ചയത്തിലെ സ്വാധീനം വ്യക്തമാണ്. കേരളത്തിലെ ഒട്ടുമിക്കക്ഷേത്രങ്ങളിലും ധ്യാനങ്ങളും മറ്റ് ആരാധനാരീതികളും തന്ത്രസമുച്ചയത്തിൽ പറഞ്ഞിരിക്കുന്ന രീതിയിലാണ് ഇന്ന് ആചരിച്ചുവരുന്നത്. 7-ാം അദ്ധ്യായത്തിൽ പൂജയും 9-ാം അദ്ധ്യായത്തിൽ ഉത്സവക്രിയകളും പരാമർശിച്ചിരിക്കുന്നു. അതു പ്രകാരമാണ് എല്ലാക്ഷേത്ര ചടങ്ങുകളും നടത്തപ്പെടുന്നത്.

## ശ്രീപത്മനാഭസ്വാമി ക്ഷേത്രം - തിരുവനന്തപുരം

അനന്തശായിയായ ശ്രീപത്മനാഭനാണ് ഈ ക്ഷേത്രത്തിലെ പ്ര

ധാന പ്രതിഷ്ഠ. ഈ ക്ഷേത്രത്തിന്റെ മൂലസ്ഥാനം കാസർഗോഡാകുന്നു. ലോകത്തിലെ ക്ഷേത്രങ്ങളിൽ വച്ച് ഏറ്റവും സമ്പന്നമായവയിലൊന്നാണ് ഇത്. 18 അടിയോളം വലിപ്പം വരുന്ന അനന്തഗാമിയായ ശ്രീപത്മനാഭൻ, ആ പത്മനാഭന്റെ നാഭിയിൽനിന്നും ഉയർന്നിരിക്കുന്ന താമരയിൽ ബ്രഹ്മാവും; ലക്ഷ്മീദേവിയും ഭൂമീദേവിയും തൊട്ടടുത്ത് കാൽക്കലുമായി ഇരിക്കുന്നു. അതേ പീഠത്തിൽ രണ്ടു സ്നാനബിംബങ്ങളും ഇരിക്കുന്നു. ബിംബം മുഴുവനും കടിശർക്കരകൊണ്ടുമൂടപ്പെട്ടിരിയ്ക്കുന്നു. ഇത്രയുമാണ് ബിംബത്തിന്റെ സവിശേഷത. മൂന്നു വാതിലുകളിലൂടെയായാണ് മുഴുവൻ ബിംബവും കാണാൻ സാധിക്കുക. 12000 സാളഗ്രാമങ്ങളെക്കൊണ്ട് ഈ ബിംബമുണ്ടാക്കപ്പെട്ടിരിക്കുന്നു എന്നു വിശ്വസിക്കുന്നു.

ക്ഷേത്രത്തിനകത്തു തന്നെയായി തെക്കേടം, തിരുവമ്പാടി എന്നീ പേരുകളിൽ പ്രധാനപ്പെട്ട വേറെ രണ്ടു ശ്രീകോവിലുകളുണ്ട്. നരസിംഹവും പാർത്ഥസാരഥിയും യഥാക്രമം ഇവിടെ കുടികൊള്ളുന്നു. ക്ഷേത്രപാലന് പ്രത്യേകം നട ഉണ്ട്. അയ്യപ്പൻ, വേദവ്യാസൻ, ഗണപതി എന്നിവർ മറ്റു ഉപദേവതകളാണ്.

## നിത്യപൂജകൾ

രാവിലെ സ്നാനബിംബത്തിനു അഭിഷേകത്തോടുകൂടി ഒരു പൂജ. പിന്നെ ഉഷഃപൂജ, ശീവേലി എന്നിവ കഴിഞ്ഞാൽ എഴുന്നള്ളിപ്പോടുകൂടി പുറത്തേക്കുപോയി തിരിച്ചുവന്നാൽ ഉച്ചപ്പൂജ. വൈശ്യഹോമവും ബ്രാഹ്മണഭോജനവും നിത്യവും നടത്തപ്പെടുന്നു. വൈകുന്നേരം അത്താഴപ്പൂജയും അതിനുശേഷം ശീവേലിയോടുകൂടി ഒരു ദിവസത്തെ ചടങ്ങ് അവസാനിക്കുകയും ചെയ്യുന്നു.

## ഉത്സവം

വർഷത്തിൽ തുലാം മീനം എന്നീ മാസങ്ങളിലായി രണ്ടു തവണ ഉത്സവം നടത്തപ്പെടുന്നു. വാർഷികമായി ദ്രവ്യകലശവും ഉണ്ടാകാറുണ്ട്. ഉത്സവക്രിയകളിലെ പ്രധാനക്രിയകളിലൊന്നായ ഉത്സവബലി ഇവിടെ ആചരിക്കാറില്ല എന്നത് ഇവിടുത്തെ ആചാരങ്ങളുടെ ഒരു പ്രത്യേകതയാണ്.

## 2. തിരുച്ചിറ്റാറ്റ് മഹാവിഷ്ണുക്ഷേത്രം

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിനടുത്ത് സ്ഥിതിചെയ്യുന്ന ഈ

ക്ഷേത്രം ശ്രീ നമ്മാൾവാർ സ്തുതിച്ചുപാടിയ മഹാവിഷ്ണുവിന്റേതാകുന്നു. യുധിഷ്ഠിരൻ സ്ഥാപിച്ചതാണെന്ന് പറയപ്പെടുന്നു. 'ഇമയവരപ്പൻ ക്ഷേത്രം' എന്ന് ഇതിനെ തമിഴിൽ പറയപ്പെടുന്നു. തന്ത്രസമുച്ചയപ്രകാരമുള്ള ദേവന്റെ ധ്യാനരൂപമല്ല ഇവിടുത്തേത്. മറിച്ച് ചെറിയ വ്യത്യാസത്തോടുകൂടിയാണ് കാണുന്നത്. ചക്രം, ശംഖ്, പത്മം എന്നിവ മാത്രം കാണുകയും താഴത്തെ വലത്തേ കൈ വെറുതെ താഴേക്ക് പിടിച്ചിരിക്കുകയും ചെയ്തിരിക്കുന്നു. (ഗദ കാണുന്നില്ല). അയ്യപ്പൻ, ഗോശാലകൃഷ്ണൻ തുടങ്ങിയവർ ഉപദേവതകളായുണ്ട്.

നിത്യം രണ്ടു പൂജയും ഉത്തരായണകാലത്ത് 10 ദിവസത്തെ ഉത്സവവും ഇവിടെ നടക്കാറുണ്ട്.

## 3. തിരുപ്പുലിയൂർ മഹാവിഷ്ണുക്ഷേത്രം

തിരുച്ചിറ്റാറ്റ് ക്ഷേത്രത്തിൽനിന്നും വലിയ ദൂരെയല്ലാതെ ചെങ്ങന്നൂരിനടുത്തുതന്നെ സ്ഥിതിചെയ്യുന്ന ഈ ക്ഷേത്രം ഭീമസേനനാൽ സ്ഥാപിതമായതാണെന്നു കരുതപ്പെടുന്നു. നമ്മാൾവാർ ആണ് ഈ ദേവനെ സ്തുതിച്ചു പാടിയത്. ഇവിടുത്തെ മൂർത്തിയും നേരത്തേ സൂചിപ്പിച്ചപോലെത്തന്നെ ഗദയില്ലാതെയാണ് കാണപ്പെടുന്നത്. നിത്യം മൂന്നു പൂജകളും ഉത്തരായണ കാലത്ത് പത്തു ദിവസത്തെ ഉത്സവവും ഇവിടെ നടത്തപ്പെടുന്നു. യക്ഷി, അയ്യപ്പൻ, രക്ഷസ്സ്, നാഗങ്ങൾ എന്നിവർ ഉപദേവന്മാരാകുന്നു.

## 4. തിരുവൻ വണ്ടൂർ മഹാവിഷ്ണുക്ഷേത്രം

നകുലനാൽ സ്ഥാപിതമായതെന്നു വിശ്വസിക്കപ്പെടുന്ന ഈ ക്ഷേത്രത്തിൽ മഹാവിഷ്ണുവിനെക്കൂടാതെ ശാസ്താവ്, ഗണപതി, ശിവൻ എന്നിവരും കുടികൊള്ളുന്നു. ഇവിടെയും നമ്മാൾ വാരാൽ എഴുതപ്പെട്ട പാസുരം കാണാൻ സാധിക്കുന്നതാണ്. ദിവസവും മൂന്നു പൂജയും വാർഷികമായി ഉത്സവവും നടത്തപ്പെടുന്നു.

ഇവിടുത്തെ മൂർത്തിയും നേരത്തേ സൂചിപ്പിച്ചപോലെത്തന്നെയുള്ള രൂപത്തോടുകൂടിയതാകുന്നു.

## 5. തിരുവാറന്മുള പാർത്ഥസാരഥി ക്ഷേത്രം

പത്തനംതിട്ട ജില്ലയിലെ ആറന്മുള എന്ന സ്ഥലത്തു സ്ഥിതിചെയ്യുന്ന അർജ്ജുനനാൽ സ്ഥാപിതമായതെന്നു പറയപ്പെടുന്ന ക്ഷേത്രമാണ്

ഇത്. വളരെ ചരിത്ര പ്രസിദ്ധമായതും കേരള സാംസ്കാരിക പ്രാധാന്യമുള്ളതുമാണിവിടം. ഈ ക്ഷേത്രത്തിലെ മൂർത്തിക്കും മുൻപറഞ്ഞതിൽനിന്നും വ്യത്യാസമില്ല. നമ്മാൾവാർ ആണ് ഈ ദേവനെ സ്തുതിച്ചുകൊണ്ട് പാസുരം എഴുതിയത്.

ശീവേലി സഹിതം അഞ്ചു പൂജകൾ ഇവിടെ നിത്യം ആചരിക്കപ്പെടുന്നു. ശാസ്താവ്, യക്ഷി, എറങ്കാവ് ഭഗവതി എന്ന് പറയപ്പെടുന്ന ദേവി ബലരാമൻ, അതിനടുത്ത് ശിവനും ഭഗവതിയും, ഗണപതി, നാഗങ്ങൾ എന്നിവരാണ് ഇവിടുത്തെ ഉപദേവതകൾ.

(തുടരും)

## ഭഗവദ്ഗീതാ - ഒരു പുനർവായന (10)

എൽ. ഗിരീഷ്കുമാർ

(കഴിഞ്ഞലക്കം തുടർച്ച)

നമ്മുടെ സൈന്യത്തിന്റെ രക്ഷ ഭീഷ്മപിതാമഹനാണെന്നും അദ്ദേഹത്തെ എല്ലാ ഭാഗത്തും നിന്നുകൊണ്ട് രക്ഷിക്കേണ്ടതാണെന്നത് പ്രത്യക്ഷത്തിൽ ആത്മവിശ്വാസപൂർവ്വമായ വാക്കുകളാണെന്ന് തോന്നാം. പക്ഷേ, ദുര്യോധനന്റെ ആത്മവിശ്വാസമില്ലായ്മ മുൻപറഞ്ഞ രണ്ടു ശ്ലോകങ്ങളിൽ കാണാമെന്ന് അഭിനവഗുപ്താചാര്യരുടെ വാക്കുകളിലൂടെ ഇവിടെ വ്യക്തമാക്കുന്നു.

### അഭിനവഗുപ്താചാര്യരുടെ വ്യാഖ്യാനം

*ഭീമസേനാഭിരക്ഷിതം പാണ്ഡവീയം ബലം അസ്മാകം അപര്യാപ്തം ജേതും ശക്യം അഥവാ അപര്യാപ്തം കിയത് തത് അസ്മത് ബലസ്യേത്യർത്ഥഃ. ഇദം തു ഭീഷ്മാഭിരക്ഷിതം ബലം അസ്മാകം സംബന്ധി ഏതേഷാം പാണ്ഡവാനാം പര്യാപ്തം ജേതും ശക്യം. യദി വാ പര്യാപ്തം ബഹുന സമരേ ജയ്യമിതി.*

ഈ ശ്ലോകങ്ങളിലൂടെ പ്രത്യക്ഷത്തിൽ പാണ്ഡവസൈന്യത്തെ തോല്പിയ്ക്കാൻ സാധിയ്ക്കും എന്നാണ് ദുര്യോധനന്റെ ആത്മവിശ്വാസത്തെ വെളിവാകുന്നത്. എന്നാൽ ഇവിടെ അഭിനവഗുപ്തപാദാചാര്യൻ പര്യാപ്തം, അപര്യാപ്തം എന്നീ വാക്കുകളുടെ അർത്ഥങ്ങളെ വ്യാഖ്യാനിച്ചുകൊണ്ട്

ദുര്യോധനന്റെ ആത്മവിശ്വാസരാഹിത്യത്തെയാണ് വെളിവാക്കുന്നത് എന്ന് സമർത്ഥിക്കുന്നു. അപര്യാപ്തം എന്നതിന് അപൂർണ്ണമായത്, പ്രാപ്തിയില്ലാത്തത്, അളവില്ലാത്തത്, നിസ്സീമമായത്, തുല്യമല്ലാത്തത് എന്നെല്ലാം അർത്ഥം പറയാം.

ഭീമസേനനാൽ രക്ഷിയ്ക്കപ്പെടുന്ന പാണ്ഡവരുടെതായ സേനയെ നമുക്ക് ജയിയ്ക്കുവാൻ സാധ്യമായതല്ല. എത്രത്തോളം നമ്മുടെ സേനയ്ക്ക് സാധിക്കും? ഭീഷ്മപിതാമഹനാൽ രക്ഷിയ്ക്കപ്പെടുന്ന നമ്മുടെതായ സേനയെ ജയിക്കുവാൻ ഈ പാണ്ഡവരുടെ സേനയ്ക്ക് സാധിയ്ക്കും.

ഈ വിധമുള്ള അർത്ഥത്താൽ ദുര്യോധനമനസ്സിലെ ആത്മവിശ്വാസ കുറവ് വ്യക്തം. മാത്രമല്ല, പൂർവ്വചരിത്രം അത് സ്പഷ്ടമാക്കുന്നുമുണ്ട്. വാച്യമായ അർത്ഥത്തിൽ പാണ്ഡവസേനയെ തോല്പിക്കാൻ സാധിക്കുമെന്നാണെങ്കിലും ആത്മധൈര്യക്കുറവുള്ളതുകൊണ്ടാണല്ലോ ദ്രോണസമീപം പോയി ഇരുസേനകളെയും പരിചയപ്പെടുത്തുന്നത്. അനവധി തവണ യുദ്ധത്തിൽ പാണ്ഡവരോട് ദുര്യോധനൻ തോറ്റിട്ടുണ്ട്. മാത്രമല്ല, ഭീഷ്മരുടെയും ദ്രോണരുടെയും കൂറ് പാണ്ഡവരോടാണ് എന്ന അറിവും ദുര്യോധനന്റെ ആത്മവിശ്വാസക്കുറവിനെ ബലപ്പെടുത്തുന്നു. സ്വന്തം കഴിവുകളെ മാത്രമല്ല ദുര്യോധനൻ ആശ്രയിയ്ക്കുന്നത്. ഭീഷ്മർ ദ്രോണൻ തുടങ്ങിയവരുടെയെല്ലാം കഴിവുകളെ ആശ്രയിച്ചാണ് യുദ്ധം ചെയ്യുവാൻ പോകുന്നത്. അതുകൊണ്ടുതന്നെ അവരിൽ വിശ്വാസമില്ലായ്മ ദുര്യോധനന്റെ ആത്മവിശ്വാസമില്ലായ്മയെ ബലപ്പെടുത്തുന്നു. ഭീഷ്മർ മാത്രമാണ് നമ്മുടെ രക്ഷ; അതുകൊണ്ട് എല്ലാവരും അദ്ദേഹത്തെ രക്ഷിച്ചുകൊള്ളുക എന്ന ദുര്യോധന വാക്കുകളിലും ഒരു ആത്മവിശ്വാസകുറവ് പ്രകടമാണ്. ഈ ആത്മവിശ്വാസകുറവ് നീക്കാനായിട്ട് ഭീഷ്മപിതാമഹൻ ശംഖ് ഊതിയെന്ന് അടുത്ത ശ്ലോകത്തിൽ പറയുന്നു.

ആത്മവിശ്വാസകുറവുള്ള ദുര്യോധനവാക്കുകൾ കേട്ടപ്പോൾ ഭീഷ്മപിതാമഹൻ സ്വശംഖ് ഊതിയ പ്രകാരം അടുത്ത ശ്ലോകത്തിൽ പറയുന്നു.

*തസ്യ സഞ്ജനയൻ ഹർഷം കുരുവൃദ്ധഃ പിതാമഹഃ*
*സിംഹനാദം വിനദ്യോച്ചൈഃ ശംഖം ദധ്മൗ പ്രതാപവാൻ*

ദുര്യോധനനെ സന്തോഷിപ്പിക്കുന്നതിനായി പ്രതാപശാലിയായ കുരുക്കളിൽ വച്ച് വൃദ്ധനായ ഭീഷ്മപിതാമഹൻ സിംഹനാദം മുഴക്കിയിട്ട് ഉച്ചത്തിൽ ശംഖ് വിളിച്ചു.

ഇവിടെ തസ്യ സഞ്ജനയൻ എന്നതുകൊണ്ട് ദുര്യോധനനിൽ സന്തോഷം ഉണ്ടാക്കുന്നവനായി എന്നർത്ഥം ഇത്തരുണത്തിൽ ശരിയാകുന്നു. ആത്മവിശ്വാസക്കുറവുകൊണ്ടുള്ള ദുര്യോധനന്റെ അസന്തുഷ്ടി ഇല്ലാതാക്കാനാണ് ഭീഷ്മപിതാമഹൻ ശംഖ് ഊതിയത്. അഥവാ കൗരവസേനയ്ക്ക് ഊർജ്ജവും സന്തോഷവും പകരാനായിട്ടാണ് ശംഖ് ഊതിയതെന്നും പറയാം.

(തുടരും)



RNI Registration Number – KERMAL/2012/56910

ഞങ്ങളുടെ വെബ്സൈറ്റിൽ
(www.shripuram.org)
നിന്നും സൌജന്യമായി ഡൌൺലോഡ്
ചെയ്യാവുന്ന തന്ത്രഗ്രന്ഥങ്ങൾ

**തന്ത്രസമുച്ചയം**
(വിവരണം വിമർശിനി
വ്യാഖ്യാനസഹിതം, ദേവനാഗരി ലിപി)

**തന്ത്രസമുച്ചയം**
(മലയാള വ്യാഖ്യാനം)

**ശേഷസമുച്ചയം**
(വിമർശിനി വ്യാഖ്യാനത്തോട് കൂടിയത്,
ദേവനാഗരി ലിപി)

**കലശചന്ദ്രിക**

Printed and Published by Sreekanth.C, owned by Shripuram Publications and printed at MAMA offset print, Irinjalakkuda, Thrissur, and published at Thrissur, address: Shripuram Publications, Madayikkonam,post,Irinjalakkuda,Thrissur, Kerala,680712. Editor: D.Prakash